20.05.2025
RNI. No. KERMAL/2002/09730
Pages 8
Rs. 10.00 per copy
www.sdpathram.com
സ്വർഗീയധ്വനി
ക്രിസ്തീയ പത്രം
Vol. 26
Issue 10

സമാധാനത്തിന്റെ സന്ദേശം പകർന്ന് ലിയോ പതിനാലാമൻ മാർപാപ്പ സ്ഥാനമേറ്റു

കോട്ടയം: കാലം ചെയ്ത ഫ്രാൻസിസ് മാർപാപ്പയുടെ പിൻഗാമിയായി 69 കാരനായ റോബർട്ട് ഫ്രാൻസിസ് പ്രൊവോസ്റ്റ്, ലിയോ പതിനാലാമൻ എന്ന പേരിൽ ആഗോള കത്തോലിക്കാ സഭയുടെ അധ്യക്ഷനായി ചുമതലയേറ്റു. വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ബസിലിക്ക ചത്വരത്തിൽ മെയ് 18നായിരുന്നു സ്ഥാനാരോഹണ ചടങ്ങുകൾ. കത്തോലിക്കാ സഭയുടെ 267-മത്തെ പാപ്പായാണ്. ഭക്തിനിർഭരമായ സ്ഥാനാരോഹണച്ചടങ്ങിൽ രാജ്യസഭാ ഉപാധ്യക്ഷൻ ഹരിവം ശ് നാരായണൻ സിങിന്റെ നേതൃത്വത്തിലുള്ള ഇന്ത്യൻ സംഘം ഉൾപ്പെടെ ലോക നേതാക്കൾ പങ്കെടുത്തു. അമേരിക്കയിൽ നിന്നുള്ള പ്രഥമ മാർപാപ്പയുടെ സ്ഥാനരോഹണത്തിന് സാക്ഷ്യം വഹിക്കാൻ യുഎസ് വൈസ് പ്രസിഡണ്ട് ജെ. ഡി. വാൻസിന്റെ നേതൃത്വത്തിലുള്ള സംഘം എത്തിയിരുന്നു.

സ്നേഹത്തിലും ഐക്യത്തിലും സാഹോദര്യത്തിലും ഒന്നായി നിന്നാൽ മാത്രമേ ലോകത്ത് ക്രിസ്തു സഭ സമാധാനത്തിന്റെ ചിഹ്നമായി മാറൂ എന്നും സ്നേഹത്തിലേക്ക് വിളിക്കപ്പെട്ട ക്രൈസ്തവ സമൂഹം ക്രിസ്തുവിനെ അനുഗമിക്കുവാൻ പരിശ്രമിക്കണമെന്നും ലിയോ മാർപാപ്പ പറഞ്ഞു.

യുദ്ധ മേഖലകളിൽ സമാധാനം പുലരുവാൻ പ്രാർത്ഥിക്കുന്നു എന്നു പറഞ്ഞ മാർപാപ്പ അധികാരത്തിന്റെ ദണ്ഡ് കാട്ടി ഭരിക്കുവാൻ അല്ല ദൈവസ്നേഹത്തിൽ നിങ്ങൾക്കൊപ്പം നടക്കാനാണ് ആഗ്രഹിക്കുന്നത് എന്നു പറഞ്ഞത് ശ്രദ്ധേയമായി.

യുദ്ധത്തിന്റെയും ഭീകരതയുടെയും ചോരപ്പാടുകൾ വീഴുന്ന ലോകത്ത് സമാധാനത്തിന്റെ സന്ദേശം നൽകാൻ മാർപ്പാപ്പാക്ക് കഴിയും എന്ന പ്രതീക്ഷയാണ് യുദ്ധമില്ലാത്ത ലോകത്തെ കാത്തിരിക്കുന്നവർക്കുള്ളത്.

പി.എസ്. ചെറിയാൻ

1955 ൽ ഇല്ലിനോയിസിലാണ് പ്രൊവോസ്റ്റ് ജനിച്ചത്.1977 ൽ അഗസ്റ്റീനിയൻ സന്യാസ സമൂഹത്തിൽ പ്രവേശിച്ചു. കാനോൻ നിയമത്തിൽ ഡോക്ടറേറ്റ് നേടി. ചിക്കാഗോയിൽ അധ്യാപകനായിരുന്ന അദ്ദേഹം വൈദികനായ ശേഷം പെറുവിലെ അഗസ്റ്റീനിയൻ മിഷനിൽ ചേരുകയുണ്ടായി. 2014ൽ മെത്രാനായ പ്രൊവോസ്റ്റ് 2023ൽ കർദിനാൾ പദവിയിലേക്ക് പ്രവേശിച്ചു.

നമുക്കു സംഭാഷണങ്ങളിലൂടെ പാലങ്ങൾ പണിയാൻ ശ്രമിക്കാം എന്നു പറഞ്ഞ ലിയോ പതിനാലാമൻ മാർപാപ്പ സംഘർഷഭരിതമായ ലോകത്ത് ക്രിസ്തുവിന്റെ സമാധാനം പകരും എന്ന പ്രതീക്ഷയിലാണ് ലോക നേതാക്കളും ക്രൈസ്തവ സമൂഹവും.

ലോക പെന്തക്കോസ്ത് സമ്മേളനം ഫിൻലെന്റിൽ ജൂൺ 4ന് തുടങ്ങും

കെ.ബി. ഐസക്ക്

ലോകത്തിലെ അഞ്ചു വൻകരകളിൽ നിന്നും ഭാഷ-വർഗ്ഗ-വർണ്ണ വ്യത്യാസങ്ങളുടെ അതിർവരമ്പുകൾ ഇല്ലാതെ പതിനായിരങ്ങൾ ഒന്നിക്കുന്ന 27 -ാമത് ലോക പെന്തക്കോസ്ത് സമ്മേളനം ജൂൺ 4 മുതൽ 7 വരെ ഫിൻ ലെന്റിലെ ഹെൽസിങ്കിയിൽ നടക്കുമെന്ന് പി.ഡബ്ല്യു.സി മീഡിയ പ്രതിനിധി സ്റ്റാൻലി ജോർജ് അറിയിച്ചു

മൂന്നു വർഷത്തിലൊരിക്കൽ നടക്കുന്ന ലോക സമ്മേളനം 1947-ൽ സൂറിച്ചിലാണ് ആരംഭിച്ചത്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ പ്രാരംഭത്തിൽ പുനരാരംഭിച്ച ആധുനിക പെന്തക്കോസ്ത് മുന്നേറ്റം ഇന്ന് ലോകത്ത് ഏറ്റവും വേഗം വളരുന്ന ആധ്യാത്മിക സമൂഹമായി അംഗസംഖ്യയിൽ 100 കോടിയിലേറെയുള്ള ആത്മീക മുന്നേറ്റമാണ്.

എല്ലാ ആഗോള പെന്തക്കോസ്ത് വിഭാഗങ്ങളും ഒന്നിച്ചു സഹകരിക്കുന്ന കോൺഫറൻസിന്റെ സംഘാടകർ വേൾഡ് പെന്തക്കോസ് ഫെലോഷിപ്പ് ആണ്. പെന്തക്കോസ്തലിസത്തിന്റെ ലോകവ്യാപകമായ വളർച്ചയ്ക്കും പെന്തക്കോസ്ത് വിഭാഗങ്ങൾ തമ്മിലുള്ള ഐക്യ പ്രസ്ഥാനങ്ങൾക്കും സമ്മേളനം നിർണായക ശക്തിയായ പ്രവർത്തിക്കുന്നു എന്നും പത്രക്കുറിപ്പിൽ സ്റ്റാൻലി ജോർജ് വിശദീകരിച്ചു.

ലോക സുവിശേഷീകരണത്തിനും ആഗോള പ്രശ്നങ്ങളുടെ പരിഹാരത്തിനും പരിശുദ്ധാത്മാവിൻറെ അനുഗ്രഹങ്ങൾ സഭകളിൽ കൂടുതലായി പകരപ്പെടുന്നതിനും ഉപോദ് ബലകമായ ചർച്ചകളും പഭാഷണങ്ങളും ഒരുക്കിയിട്ടുണ്ട്. ഈ സമ്മേളനത്തിൽ പങ്കെടുക്കുന്നവർക്ക് തങ്ങളുടെ ശുശ്രൂഷകളിൽ ഒരു പുത്തൻ ആവേശവും ചൈതന്യവും നൽകുന്നതിൽ ലോക പെന്തക്കോസ്ത് സമ്മേളനം വിജയിക്കുന്നു. കോൺഫ്രൻസിൽ പങ്കെടുക്കുന്നവർക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും രജിസ്ട്രേഷനും

pwc2025.fi എന്ന വെബ്സൈറ്റ് പ്രവർത്തിക്കുന്നു. യാത്രാക്രമീകരണങ്ങൾക്കായി ടൂർ ഏജൻസികളുടെ സേവനം ലഭ്യമാണ്: The Olive Way Tours, 9961720195(ഇന്ത്യ) Admiral Travel Bureau 1214.554.1424(യു എസ്എ)

ചർച്ച് ഓഫ് ഗോഡ് സൺഡേസ്കൂൾ ശതാബ്ദി നിറവിൽ

മുളക്കുഴ: ആയിരക്കണക്കിന് കുട്ടികൾക്ക് ക്രിസ്തു സ്നേഹം പകർന്ന സൺഡേസ്കൂൾ എന്ന മഹാപ്രസ്ഥാനം ചർച്ച് ഓഫ് ഗോഡിൽ സ്ഥാപിതമായിട്ട് 100 വർഷങ്ങൾ തികയുകയാണ്. ജൂബിലിയോടനുബന്ധിച്ച് ലോഗോ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ വൈ. റെജി പുറത്തിറക്കി.

കേരള പെന്തക്കോസ്ത് പ്രസ്ഥാനങ്ങൾക്ക് അടിസ്ഥാന ശില പാകിയ മിഷണറിവര്യൻ റോബർട്ട് ഫെലിക്സ് കുക്ക് കേരളത്തിൽ മദ്ധ്യതിരുവിതാകൂർ ആസ്ഥാനമായി പ്രവർത്തനമാരംഭിക്കുന്ന സമയങ്ങളിൽ തന്നെ കുഞ്ഞുങ്ങളുടെ ഇടയിലെ ശുശ്രൂഷകളും ആരംഭിച്ചിരുന്നു.

ചെങ്ങന്നൂർ പുത്തൻകാവ് ആലുംമൂട്ടിൽ പാസ്റ്റർ ടി. എം. വർഗീസ് 1925-ൽ സൺഡേസ്കൂളിന്റെ പ്രഥമ സെക്രട്ടറിയായി നിയമിതനായി. പാസ്റ്റർ കുക്കിന്റെ ഓഫീസ് സെക്രട്ടറിയായും അദ്ദേഹം ഈ കാലങ്ങളിൽ പ്രവർത്തിച്ചു. 1931 വരെ പാസ്റ്റർ ടി.എം. വർഗീസ് ആയിരുന്നു സൺഡേ സ്കൂളിന്റെ സെക്രട്ടറി. 1973 ഗോൾഡൻ ജൂബിലിയോട് അനുബന്ധിച്ച് ദൈവസഭ പുറത്തിറക്കിയ 'ദൈവസഭ പിന്നിട്ട 50 വർഷങ്ങൾ' എന്ന പുസ്തകത്തിൽ 31,34 പേജുകളിൽ ഇതിനെക്കുറിച്ചുള്ള പരാമർശങ്ങൾ ഉണ്ട്. തുടർന്ന് എ.സി മാമൻ, വി.ജെ വർഗീസ്, പി.വി തോമസ് എന്നിവർ സെക്രട്ടറിമാരായി സേവനമനുഷ്ഠിച്ചു. 1963 മുതൽ 1971 വരെ പാസ്റ്റർ സി. കെ ജോൺ സൺഡേസ്കൂൾ സെക്രട്ടറിയായി നിയമിതനായി.

1972 മുതൽ യൂത്ത് ഡയറക്ടർക്ക് സൺഡേ സ്കൂളിന്റെ അധിക ചുമതല നൽകിവന്നു. എന്നാൽ 1995 മുതൽ പാസ്റ്റർ പി. എ. വി. സാമിന്റെ കാലത്ത് സൺഡേസ്കൂളിന് ബോർഡ് നിലവിൽ വരികയും കാലാകാലങ്ങളിൽ പ്രസിഡണ്ടിനെയും സെക്രട്ടറിയെയും സഭാ നേതൃത്വം നിയമിച്ച് ഇന്നു വരെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുപോവുകയും ചെയ്യുന്നു. ഇപ്പോൾ പാസ്റ്റർ വി.പി. തോമസ് സ്റ്റേറ്റ് പ്രസിഡന്റായും പാസ്റ്റർ സാലു വർഗീസ് സ്റ്റേറ്റ് സെക്രട്ടിയായുമുള്ള 19 അംഗ ബോർഡ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. കേരള പെന്തക്കോസ്ത് സൺഡേസ്കൂൾ ചരിത്രത്തിൽ ആദ്യമായി ശതാബ്ദി ആഘോഷിക്കുന്ന ചർച്ച് ഓഫ് ഗോഡ് സൺഡേസ്കൂൾ പ്രസ്ഥാനം വിവിധങ്ങളായ കർമ്മപദ്ധതിയോടെ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുവാൻ ആഗ്രഹിക്കുകയാണ്. 'ക്രിസ്തു കേന്ദ്രീകൃത സൺഡേസ്കൂൾ, ബാലസൗഹൃദ സഭ' എന്നതാണ് ജൂബിലി മുദ്രാവാക്യം.

മനുഷ്യാവകാശ ധ്വംസനങ്ങൾക്കെതിരെ പ്രതികരിക്കുക: ഡോ ബാബു കെ വർഗീസ്

ചിക്കാഗോ:ഇന്ത്യയിൽ നടക്കുന്ന മനുഷ്യാവകാശ ധ്വംസനങ്ങൾക്കെതിരെ വിദേശ മലയാളികളും പ്രതികരിക്കണമെന്ന് പ്രമുഖ ബഹുഭാഷ പണ്ഡിതനും സുവിശേഷകനുമായ ഡോ ബാബു കെ വർഗീസ് ആവശ്യപ്പെട്ടു. ചിക്കാഗോ ഗോസ്പൽ മീഡിയ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ഗ്രേസ് പ്രിന്റിംഗ് കോൺഫറൻസ് റൂമിൽ നടന്ന സമ്മേളനത്തിൽ മുഖ്യ അതിഥിയായി സംസാരിക്കുകയായിരുന്നു അദ്ദേഹം. അസോസിയേഷൻ ജനറൽ സെക്രട്ടറി കുര്യൻ

ഫിലിപ്പിന്റെ അധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ രക്ഷാധികാരി കെ എം ഈപ്പൻ ഡോ ബാബു വർഗീസിനെ പരിചയപ്പെടുത്തി സ്വാഗതം ആശംസിച്ചു.റവ സാം തോമസ് പ്രാരംഭ പ്രാർത്ഥന നടത്തി. ഈടുറ്റ നിരവധി ഗ്രന്ഥങ്ങളുടെ കർത്താവായ ഡോ ബാബു കെ വർഗീസ് ഇന്ത്യയിലും വിദേശത്തും അറിയപ്പെടുന്ന മനുഷ്യാവകാശ പ്രവർത്തകനും പത്രപ്രവർത്തകനും ആണ്. വൈറ്റ് ഹൗസ് വാഷിംഗ്ടൺ ഡിസിയിൽ വിളിച്ചുചേർത്ത പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ നാഷണൽ പ്രയർ മീറ്റിങ്ങിൽ ക്ഷണിതാവായി എത്തിയതാണ് അദ്ദേഹം.

ശാരീരികവും മാനസികവും സാമ്പത്തികവുമായ പീഡനങ്ങളിലൂടെയാണ് ഇന്ത്യയിലെ ക്രൈസ്തവ സഭ മുന്നേറുന്നതെന്ന് അദ്ദേഹം കണക്കുകൾ ചൂണ്ടിക്കാട്ടി അവതരിപ്പിച്ചു. എന്ത് ഉടുക്കണം എന്ത് കഴിക്കണം ആരെ ആരാധിക്കണം എന്നൊക്കെയുള്ള മനുഷ്യരുടെ അടിസ്ഥാനപരമായ അവകാശങ്ങൾ ഇന്ത്യയിൽ പലയിടത്തും നിഷേധിക്കപ്പെടുന്നു എന്ന് അദ്ദേഹം പറഞ്ഞു. ഇതിനെതിരെ ശക്തമായ പ്രാർത്ഥനയും ബോധവൽക്കരണവും ആവശ്യമുണ്ട്. കേരളത്തിൽ നിയന്ത്രണാധിതമായി ഒഴുകുന്ന ലഹരി മരുന്നുകളുടെ ഉപയോഗ മൂലം അക്രമാസക്തരാകുന്ന യുവതലമുറയുടെ പെരുമാറ്റത്തിൽ യോഗം നടുക്കം രേഖപ്പെടുത്തുകയും അസോസിയേഷൻ പ്രസിഡന്റ് ഡോ അലക്സ് ടി കോശി, ഡോ സാജൻ മാത്യു എന്നിവരുടെ നേതൃത്വത്തിൽ പ്രത്യേക പ്രാർത്ഥന നടത്തുകയും ചെയ്തു. ഡോ ടൈറ്റസ് ഈപ്പൻ നന്ദി രേഖപ്പെടുത്തി. ഷാജി എബ്രഹാമിന്റെ പ്രാർത്ഥനയോടെ സമ്മേളനം സമാപിച്ചു.

സുവിശേഷത്തിന്റെ സമാന്തര രേഖകൾ

▪ അദ്ധ്യായം 17 ▪

ഇടറിയ ഇടയനും വേടന്റെ പാട്ടും..!

സജി പീച്ചി

അബദ്ധ ജഡിലങ്ങളായ പ്രസ്താവനയുമായി ഒരിടയൻ ചാനൽ ചർച്ചകളിൽ സജീവമായി. ഓർത്തഡോക്സ് സഭയിൽ നിന്നും പെന്തക്കോസ്തു സഭയിലേക്ക് ചേക്കേറിയത് അബദ്ധമായെന്നും പെന്തക്കോസ്തിൽ ജീർണ്ണത അനുഭവപ്പെടുന്നെന്നും അവിടെ നിലനിൽക്കുന്ന കാര്യങ്ങൾ ശുദ്ധ തട്ടിപ്പാണെന്നുമായിരുന്നു ഈ ഇടയന്റെ നിഗമനം. 42 വർഷമായി ഇടയപരിപാലന രംഗത്ത് ഇദ്ദേഹം സജീവ സാന്നിധ്യമായി നിലകൊള്ളുന്ന ആളുമാണ്.

ഇടയ ശുശ്രൂഷ ഏറെ ദുഷ്ക്കരമായ ഒരു മേഖലയാണ്. ഇവിടെ പതറിപ്പോയവരും കാൽ വഴുതി വീണവരും നിരവധിയാണ്. ആടുകളുടെ ഇംഗിതമറിഞ്ഞു വേണം ശുശ്രൂഷിക്കാൻ..! എങ്കിൽ മാത്രമേ ഒരിടയന് നിലനിൽപ്പുണ്ടാകയുള്ളൂ. ആക്ഷേപ ശരങ്ങൾ സംയമനത്തോടെ കൈകാര്യം ചെയ്യുന്നതിനെ ആശ്രയിച്ചാണ് ശുശ്രൂഷകന്റെ വിജയപരാജയങ്ങൾ നിർണ്ണയിക്കപ്പെടുന്നത്.

യഥാർത്ഥ ഇടയൻ ദുരുപദേശങ്ങളെ നഖശിഖാന്തം എതിർക്കുന്നവനും അവയെ നിരുത്സാഹപ്പെടുത്തുന്നവനുമാണ്. കർമ്മപഥത്തിൽ അലംഭാവമോ ശുശ്രൂഷയിൽ അവിശ്വസ്തതയൊ ആലസ്യമോ കാട്ടുവാൻ പാടില്ല. ഭൗതീകതയെക്കാൾ ആത്മീയതയ്ക്കായിരിക്കേണം മുൻതൂക്കം കൊടുക്കേണ്ടത്. വിഭാഗീയ ചിന്തകളോ വേർകൃത്യങ്ങളോ കാട്ടരുത്. എല്ലാവരെയും ഒന്നായി കാണണം.

ജഡീക ചിന്താഗതികളെക്കാൾ ആത്മീയ വീക്ഷണമാകേണം മുന്നിൽ നിൽക്കേണ്ടത്. സഭയുടെ വളർച്ചയും സുവിശേഷീകരണത്തിനുമാകണം പ്രാധാന്യം കൽപ്പിക്കേണ്ടത്. പൗരോഹിത്യ ശുശ്രൂഷയോടുള്ള ബന്ധത്തിൽ ഇങ്ങനെ ഒത്തിരി കാര്യങ്ങൾ ശ്രദ്ധിച്ചെങ്കിലേ കർമ്മപഥത്തിൽ പിടിച്ചു നിൽക്കാനാവൂ. സഭയുടെ ഇടയൻ ഉപദേശ വിഷയത്തിൽ അയവ് വരുത്തുകയോ, ദുരുപദേശങ്ങളെ പ്രോത്സാഹിപ്പിക്കയോ, പഠിപ്പിക്കയോ ചെയ്യാൻ പാടില്ല. പാരമ്പര്യ-നാമധേയ സഭകളിൽ അവർ ധരിച്ചിരിക്കുന്ന കുപ്പായത്തിനു വരെ വിശുദ്ധി കണക്കാക്കപ്പെടുന്നു.

നാലു ദശകത്തിലേറെയായി ഇടയ ശുശ്രൂഷ ചെയ്തു വന്ന ഒരു വ്യക്തി കഴിഞ്ഞ ദിവസം ഒരു ഓൺലൈൻ ചാനലിന് അനുവദിച്ച അഭിമുഖത്തിൽ താൻ അനുഭവിക്കുന്ന വേദനയുടെ കഥനകഥ അവതരിപ്പിക്കയുണ്ടായി. അന്നുവരെ താൻ അനുവർത്തിച്ചു വന്നതും പഠിപ്പിച്ചതുമായ കാര്യങ്ങളെല്ലാം ശുദ്ധ അബദ്ധമായിരുന്നുവെന്ന കുമ്പസാരമാണ് താൻ നടത്തിയത്. അതിന്റെ പിന്നിൽ പ്രവർത്തിച്ച ഘടകം എന്തായിരുന്നെന്നു നിശ്ചയമില്ല.

എങ്കിലും പെന്തക്കോസ്തിൽ നിന്ന പലരും പെന്തക്കോസ്ത്തിന്റെ മാധുര്യം ആസ്വദിച്ച ശേഷം തങ്ങളുടെ സ്ഥാപിത താൽപ്പര്യങ്ങൾക്കായി മാറിപ്പോകയും പിന്നീട് തങ്ങൾ നിലനിന്ന പ്രസ്ഥാനത്തെയും ഉപദേശ സംഹിതകളെയും ഇകഴ്ത്തി പറയുകയും ചെയ്യുന്ന പ്രവണത വർധിച്ചു വരികയാണ്. തങ്ങളുടെ സ്ഥാപിത ലക്ഷ്യങ്ങൾ സാധിക്കയും ഒരു പ്രസ്ഥാനത്തിന്റെ നെറുകയിലിരുന്നു ഭരണം നടത്താമെന്നൊക്കെ വ്യാമോഹിച്ചു ദിവാസ്വപ്നം കണ്ടവരും നിരവധിയാണ്. എന്നാൽ അവരുടെ സ്വപ്നങ്ങളെല്ലാം മലർപ്പൊടിക്കാരന്റെ ദിവാ സ്വപ്നം പോലെ മാത്രമേ അവശേഷിച്ചുള്ളൂ. ഈ പ്രസ്ഥാനത്തെ എതിർക്കയും തള്ളിപ്പറയുകയും ചെയ്യുന്നവർ നിരവധിയാണ്.

പെന്തക്കോസ്തിനെ നാമാവശേഷമാക്കാനും സമൂഹത്തിൽ കരിതേച്ചു കാണിക്കാനും ചിലർ കച്ചകെട്ടി ഇറങ്ങിതിരിച്ചെങ്കിലും അവരുടെ പരിപ്പൊന്നും പെന്തക്കോസ്തിൽ വെന്തില്ല. പലർക്കും പല ഗൂഢ ലക്ഷ്യങ്ങളാണ് ഇതിന്റെയെല്ലാം പിന്നിലുള്ളത്. സ്ഥാനമാനങ്ങൾക്ക് വേണ്ടി പരിശ്രമിക്കുന്നവരും അത് ലഭിക്കാതെ പോയവരും, അർഹമായ അംഗീകാരം ലഭിക്കാതെ അവഗണിക്കപ്പെട്ടവരും, അർഹതപ്പെട്ടത് തടയപ്പെട്ടതിൽ ഹൃദയത്തിനു മുറിവേറ്റവരും ഇക്കൂട്ടത്തിലുണ്ട്.

എന്നാൽ തിരുവചനത്തിൽ പറഞ്ഞിരിക്കുന്നതും സഭ അനുഷ്ഠിച്ചു വരുന്ന ഉപദേശ സത്യങ്ങളുടെ ചുവട്ടിൽ കോടാലി വയ്ക്കുന്ന പ്രവണത വച്ചു പൊറുപ്പിക്കാൻ പാടില്ലാത്തതാണ്. അത് പെന്തക്കോസ്തു പ്രസ്ഥാനത്തോടും, ദൈവസഭയോടും, ദൈവ വചനത്തോടും കാട്ടുന്ന മഹാ അപരാധമാണ്. അങ്ങനെയുള്ളവർ സഭ അനുശാസിക്കുന്ന ശിക്ഷാനടപടികൾക്ക് വിധേയപ്പെടുകയാണ് ചെയ്യേണ്ടത്.

ഇനി വേടനെപ്പറ്റി പറയാം. കേരളത്തിൽ അങ്ങോളമിങ്ങോളം ഹരമുണർത്തുന്ന വിപ്ലവഗാനങ്ങളാലപിച്ച് വേടൻ എന്ന യുവാവ് യുവഹൃദയങ്ങളെ പുളകം കൊള്ളിക്കുന്നു. അവഗണിക്കപ്പെട്ട സമൂഹത്തിന്റെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിച്ച സാമൂഹ്യ പരിഷ്ക്കർത്താക്കളായ അയ്യങ്കാളി, ബി.ആർ. അംബേദ്കർ, എന്നിവരിലൂടെ പടുത്തുയർത്തിയ ജാതിരാഹിത്യത്തിന്റെയും സമത്വത്തിന്റെയും സന്ദേശവാഹകന്റെ താരപരിവേഷമാണ് ഈ യുവാവിനുള്ളത്.

ശ്രീലങ്ക ജാഫ്ന സ്വദേശി ഹിരൺ ദാസ് മുരളിയാണ് ഇന്ത്യൻ റാപ്പർ ഗായകന്റെ പുതിയ പതിപ്പായ വേടനായി പ്രത്യക്ഷപ്പെട്ടിരിക്കുന്നത്. അടിച്ചമർത്തപ്പെട്ട സമൂഹത്തിൽ തന്നെ അതിക്ഷേപിച്ചു വിളിച്ച പേരാണ് അപരനാമമായി താൻ സ്വീകരിച്ചിരിക്കുന്നതെന്ന് വേടൻ പറയുന്നു.

2019 ലെ പ്രളയ കാലത്ത് വെള്ളം കയറിയ വീടുകളിലുള്ളവരെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റുമ്പോൾ കഴുത്തോളം വെള്ളത്തിൽ മുങ്ങി നിൽക്കുമ്പോഴും ജാതി വിവേചനത്തിന്റെ ശരങ്ങൾ തനിക്കെതിരെ ഉയർന്നപ്പോഴാണ് തന്റെയുള്ളിൽ വിവേചനത്തിന്റെ വാക്കുകളുടെ തീക്കനൽ ആളിക്കത്തിയത്. അന്നുണ്ടായ ആ ദുരനുഭവം ഹൃദയത്തിലുണ്ടാക്കിയ മുറിപ്പാടുകൾ നൽകിയ ബോധ്യമാണ് തന്നെ വേറൊരു വഴിക്കു തിരിച്ചു വിട്ടത്.

ബാല്യ കൗമാരങ്ങളെയും യുവഹൃദയങ്ങളെയും ഇദ്ദേഹത്തിന്റെ വിപ്ലവാശയങ്ങളടങ്ങിയ സംഗീതം ഏറെ സ്വാധീനിക്കുന്നു. തന്മൂലം അദ്ദേഹത്തിന്റെ പരിപാടികളിൽ ജനസഹസ്രങ്ങൾ തടിച്ചു കൂടുന്നു. സ്വന്തമായി രചിച്ചതും പൊയ്കയിൽ യോഹന്നാനെ പോലെയുള്ളവർ രചിച്ചതുമായ നാടൻ പാട്ടുകളും റാപ്പർ സംഗീതവുമാലപിച്ച് കൗമാര യൗവ്വന ഹൃദയങ്ങളെ അദ്ദേഹം കയ്യിലെടുക്കുകയാണ്. സവർണ്ണ മേധാവിത്വത്തെ പച്ചയ്ക്ക് പഴിക്കുന്ന റാപ്പർ സംഗീതത്തിന്റെ തരംഗം കേരളത്തിലുടനീളം അലയടിക്കുന്നു.

റാപ്പ് എന്നാൽ അടിക്കുക, രൂക്ഷമായി വിമർശിക്കുക എന്നൊക്കെയാണർത്ഥം. 1970 കളുടെ ആരംഭത്തിൽ ന്യൂയോർക്ക് നഗരത്തിലെ അമേരിക്കൻ - ആഫ്രിക്കൻ സമൂഹത്തിൽ നിന്ന് ഉയർന്നു വന്ന ഒരു ജനപ്രീയ സംഗീതമാണ് റാപ്പ് സംഗീതം. താളാത്മകമായി അർത്ഥത്തോടെ വാക്കുകൾ കോർത്തിണക്കി അവതരിപ്പിക്കുന്ന ഒരു പാശ്ചാത്യ സംഗീത കലാരൂപമാണ് റാപ്പ്.

ഹിരൺ ദാസ് മുരളിയെന്ന വേടനാണ് സമൂഹത്തിൽ നിലനിൽക്കുന്ന വിവേചനത്തെക്കുറിച്ച് വാചാലനായി യുവാക്കളുടെ ചോര തിളപ്പിക്കുന്നത്. ഇതിനിടെ ലഹരി സംബന്ധമായും മറ്റു ചില വിഷയങ്ങളോടുമുള്ള ബന്ധത്തിൽ നൂലാമാലകളും വ്യവഹാരങ്ങളും തനിക്കെതിരെ ഉയർന്നു വന്നിട്ടുണ്ട്.. ലഹരി മരുന്നുമായി ബന്ധപ്പെട്ട് നിയമപാലകർ അദ്ദേഹത്തെ അറസ്റ്റ് ചെയ്തപ്പോഴാണ് പൊതുലോകം അറിയാൻ തുടങ്ങിയത്.

യുവലോകത്തെ ത്രസിപ്പിക്കുന്നതും ജാതി പറഞ്ഞ് ആവേശം കൊള്ളിക്കുന്നതുമായ ചടുല സംഗീതം അവതരിപ്പിക്കുന്നു എന്നതൊഴിച്ചാൽ കാര്യമാത്ര പ്രസക്തങ്ങളായ യാതൊന്നും അദ്ദേഹത്തിൽ നിന്നും പ്രതീക്ഷിക്കാനില്ലെന്നും ചിലർ സാമൂഹ്യ മാധ്യമങ്ങളിലൂടെ പറഞ്ഞു വയ്ക്കുന്നു. സാമൂഹ്യ മാധ്യമത്തിൽ ഈയിടെ പ്രത്യക്ഷപ്പെട്ട ഒരു കമന്റ് കൂടെ ചേർത്ത് അവസാനിപ്പിക്കാം.

ഇത് എന്ത് പാട്ട്? എന്ത് വരികൾ? അപകർഷതാബോധം മൂത്തു വായിൽ തോന്നിയതൊക്കെ എഴുതി പൊതുവേദിയിൽ ചുമ്മാ ആക്രോശിച്ചാൽ സംഗീതമാകുമോ..? യുവ തലമുറയെ തെറ്റായ വഴിയിലേക്കാണ് വേടൻ നയിക്കുന്നത്. റാപ് എന്നുപറഞ്ഞു മലയാളത്തെ കൊല്ലുകയാണ്. സായിപ്പന്മാർ മലയാളം പറയുംപോലെ പറഞ്ഞാൽ എങ്ങനെ റാപ്പ് ആകും..? പുതിയ തലമുറ ഇത് കേട്ടാണ് വളരുന്നത്. അവർ അവരുടെ സമയവും ഊർജ്ജവും വെറുതെ പാഴാക്കുന്നു. നമ്മുടെ നാട്ടിൽ പ്രതികരിക്കേണ്ട എത്രയെത്ര വിഷയങ്ങളുണ്ട്..? പ്രത്യേകിച്ചും തൊഴിൽ ഇടങ്ങളിൽ. രാഷ്ട്രീയക്കാരും സർക്കാർ ഉദ്യോഗസ്ഥരും കോർപ്പറേറ്റുകളും പൊതുജനത്തെ പറ്റിച്ചു തിന്നു കൊഴുക്കുന്നു. സാധാരണക്കാർക്ക് അർഹമായ കൂലി ലഭിക്കുന്നില്ല. ലഭിക്കുന്ന വേതനം ആവശ്യങ്ങൾക്ക് തികയുന്നില്ല. ലക്ഷങ്ങൾ കടമില്ലാത്ത ആരുണ്ട്..?

> **ഇത് എന്ത് പാട്ട്? എന്ത് വരികൾ? അപകർഷതാബോധം മൂത്തു വായിൽ തോന്നിയതൊക്കെ എഴുതി പൊതുവേദിയിൽ ചുമ്മാ ആക്രോശിച്ചാൽ സംഗീതമാകുമോ..? യുവ തലമുറയെ തെറ്റായ വഴിയിലേക്കാണ് വേടൻ നയിക്കുന്നത്.**

നികുതി അടക്കാനും കാർഷിക, ഭവന, വാഹന, വായ്പ അടക്കാനും വേണ്ടി പണിയെടുക്കുന്നു. അതിനെതിരെ ആരും പ്രതികരിക്കുന്നില്ല. ജാതിയും നിറവും ഉയർത്തി സഹതാപ തരംഗം സൃഷ്ടിച്ച് യുവാക്കളുടെ ശ്രദ്ധയും സമയവും അതിലേക്ക് കേന്ദ്രീകരിക്കുകയാണ് വേടനും കൂട്ടരും ചെയ്യുന്നത്. ഇവിടെ സാഹോദര്യമാണ് നിലനിൽക്കുന്നത്. ആവശ്യമുള്ള കാര്യങ്ങൾ ശ്രദ്ധിക്കാനോ അതിനുവേണ്ടി പ്രവർത്തിക്കാനോ പ്രതികരിക്കാനോ ആരുമില്ല.

അമേരിക്കൻ വർണ്ണ വിവേചനത്തിന്റെയും നമ്മുടെ നാട്ടിലെ ജാതി വിവേചനത്തിന്റെയും ഓർമ്മകൾ നമ്മിൽ ഉറങ്ങിക്കിടപ്പുണ്ട്. അത്തരം വികാരങ്ങൾ പിന്നെയും തട്ടിയുണർത്തി വിപ്ലവം സൃഷ്ടിക്കുന്നു. കേരളത്തിലെ യുവതലമുറയുടെ ശ്രദ്ധ വഴിതിരിച്ചുവിടുന്നു. കാശുണ്ടാക്കുന്നു. അതുകൊണ്ടു ആ കാശിനു ലഹരി മരുന്ന് സേവിച്ച് അതിന്റെ ലഹരിയിൽ എഴുതി വിടുന്ന ഓരോന്ന് കേട്ടും പുറകെ നടന്നും ജീവിതം പാഴാക്കരുതെന്ന് മുന്നറിയിപ്പാണ്, സാമൂഹ്യ മാധ്യമത്തിൽ ഒരാൾ പങ്കു വച്ചത്. ●

www.sdpathram.com

സ്വർഗ്ഗീയധ്വനി
ക്രിസ്തീയ പത്രം

Chairman	:	James T. Samuel
Managing Editor	:	Joy Thumpamon
Chief Editor	:	Finny P. Mathew
Editorial Director	:	Oommen Ebenezer
General Editor	:	Pr. Sam T. Mukhathala
Circulation Manager	:	K. C. Jacob
Overseas Editors	:	Sunny Thazhampallom
		Sheenamol Joseph
General Coordinator	:	Pr. Binu Cheriyan
Coordinators	:	George Samuel
	:	Jose K. Varghese
	:	Anu Samuel
	:	Pr. Sajan Easo Plachery

പഠന പരമ്പര 8

പലസ്തീൻ ആരുടേത്? ഭാവി എന്ത്?

ഫിലിപ്പോസ് കുളക്കട
9605498870

പുതിയ ആകാശവും പുതിയ ഭൂമിയും യിസ്രായേലിന്റെ വാഗ്ദത്ത ഭൂമി

യിസ്രായേലിനെപറ്റി ഒരു ലഘു പഠനം അവതരിപ്പിക്കുന്നതിന്റെ ഉദ്ദേശം വായനക്കാരെ ചരിത്രം പഠിപ്പിക്കുകയല്ല. വേദപുസ്തകത്തിന്റെ ദൈവനിശ്വാസീയത വായനക്കാരെ ബോധ്യപ്പെടുത്തുക, അതോടൊപ്പം വിശ്വാസികളായ വായനക്കാരുടെ പ്രത്യാശ വർദ്ധിപ്പിക്കുക എന്നതാണ്. യിസ്രായേലിന്റെയും സഭയുടേയും ഭാവി പ്രത്യാശ ഒന്നു തന്നെയാണ് എന്ന വസ്തുത ഇന്നത്തെ മനുഷ്യർക്ക് പൊതുവേ അജ്ഞാതമാണ്. അപ്പോസ്തോലനായ പൗലോസ് റോമിൽ തടവിലായിരുന്നപ്പോൾ യെഹൂദ പ്രമാണികളെ വിളിച്ചു വരുത്തി അവരോട് സംസാരിച്ചത് ശ്രദ്ധിക്കുക. ''യിസ്രായേലിന്റെ പ്രത്യാശ നിമിത്തമാകുന്നു ഞാൻ ഈ ചങ്ങല ചുമക്കുന്നത്'' (അപ്പോ. 28:20). അതിനു മുമ്പും അദ്ദേഹം അത് പ്രസ്താവിച്ചിട്ടുണ്ട്. (അപ്പോ. 23:6; 24:15; 26:6–7). അബ്രഹാമിന്റെ അനുഗ്രഹമാണ് ക്രിസ്തു യേശുവിലൂടെ ജാതികൾക്ക് ലഭിക്കുന്നത് (ഗലാ. 3:17). പൗലോസിന്റെ പ്രത്യാശയല്ല പുതിയനിയമ സഭയുടേതെന്ന് ആരും വാദിക്കുകയില്ലെന്ന് വിശ്വസിക്കുന്നു.

പുതിയ യെരുശലേമിന്റെ ഗോപുരങ്ങളിൽ (ഴമലേ) യിസ്രായേൽ ഗോത്രങ്ങളുടെ പേരുകളും അതിന്റെ അടിസ്ഥാനങ്ങളിൽ 12 അപ്പോസ്തോലന്മാരുടെ പേരുകളും കൊത്തിയിട്ടുണ്ട് (വെളി. 21:12–14). അത് രണ്ട് കൂട്ടർക്കും അവകാശപ്പെട്ടതാണെന്നാണല്ലോ അതിനർത്ഥം. പുതിയ യെരുശലേം സ്ഥാപിക്കപ്പെടുന്നത് പുതിയ ഭൂമിയിലാണ്. അതിനാൽ ഒരർത്ഥത്തിൽ പുതിയ ഭൂമിയിൽ ഉൾപ്പെടുന്നതാണ് പുതിയ യെരുശലേം.

അതുവരെ മരിച്ചു പോകുന്ന പുതിയനിയമ വിശുദ്ധന്മാർ കർത്താവിന്റെ മേഘപ്രത്യക്ഷതയിൽ സ്വർഗീയ ശരീരികളായി ഉയിർത്തെഴുന്നേൽക്കുമ്പോൾ ഹാബേൽ മുതൽ അതുവരെ മരിച്ചുപോയ പൂർവീക വിശുദ്ധന്മാരും യിസ്രായേല്യ വിശുദ്ധന്മാരും ഉയിർത്തെഴുന്നേറ്റ് രണ്ട് കൂട്ടരും ഒരുമിച്ച് സ്വർഗാരോഹണം ചെയ്യും. അവർ സ്വർഗിയ ശരീരികളായതിനാൽ അവർക്ക് പാർക്കുവാൻ വസ്തുമയമായ സ്ഥലം ആവശ്യമില്ല. കർത്താവിന്റെ മേഘ പ്രത്യക്ഷതയ്ക്കുശേഷം മരിച്ചു പോകുന്ന യിസ്രായേല്യ വിശുദ്ധന്മാർ മഹത്വ പ്രത്യക്ഷതയിൽ ഉയിർത്തെഴുന്നേൽക്കും. അവരും സ്വർഗീയ ശരീരികളായിട്ടായിരിക്കും ഉയിർക്കുന്നത്. അന്ന് ഭൗതിക ശരീരികളായ യിസ്രായേല്യർ സഹസ്രാബ്ദ വാഴ്ചയിൽ പ്രവേശിക്കും. സഹസ്രാബ്ദം കഴിഞ്ഞ് സാത്താനെ അഴിച്ചു വിടുമ്പോൾ അവർ വിശുദ്ധന്മാരോട് യുദ്ധത്തിനായി കൂട്ടിച്ചേർക്കുന്ന സൈന്യത്തിൽ പങ്കെടുക്കാത്ത രാജ്യങ്ങളിലുള്ളവരും യിസ്രായേല്യ വിശുദ്ധന്മാരുമായിരിക്കും പുതിയ ഭൂമിയിലെ ജഡവാസികൾ.

പുതിയ യെരുശലേം പുതിയ ഭൂമിയുടെ തലസ്ഥാനമായിരിക്കും. ഭൂമിയിലെ രാജാക്കന്മാരും ജാതികളും തങ്ങളുടെ മഹത്വം അതിലേക്ക് കൊണ്ടു വരും (വെളി. 21:24–26). പുതിയ യെരുശലേമിലും സ്ഥൂല ശരീരികൾ ഉണ്ടായിരിക്കും എന്ന് അത് തെളിയിക്കുന്നു. തലസ്ഥാന നഗരിയിലെ ഉദ്യോഗസ്ഥരായിരിക്കും അവർ. അവരുടെ ഉപജീവനത്തിനുള്ളത് കൊണ്ടുവരുന്നതിനേക്കുറിച്ചായിരുന്നേക്കും ഭൂമിയിലെ രാജാക്കന്മാരും ജാതികളും തങ്ങളുടെ മഹത്വം അതിലേക്ക് കൊണ്ടുവരും എന്ന് പറയുന്നത്.

വി. പത്രോസിന്റെ ലേഖനത്തിലെ 'എന്നാൽ നാം അവന്റെ വാഗ്ദത്ത പ്രകാരം നീതി വസിക്കുന്ന പുതിയ ആകാശത്തിനും പുതിയ ഭൂമിക്കുമായി കാത്തിരിക്കുന്നു' (2പത്രോ. 3:13) എന്ന വാക്യം അടിസ്ഥാനമാക്കി സഭയ്ക്കുള്ള വാഗ്ദത്തമാണ് പുതിയ ഭൂമി എന്ന് പഠിപ്പിക്കുന്നവരുണ്ട്. അത് സഭയുടെ ഭാവിയേക്കുറിച്ചുള്ള വ്യക്തമായ വേദഭാഗങ്ങളുമായി യോജിക്കുന്നതല്ല. അതിനാൽ ആ വാക്യത്തിന്റെ ശരിയായ അർത്ഥം ഗ്രഹിക്കേണ്ടതുണ്ട്. അതിന് മറ്റെങ്ങും അന്വേഷിക്കേണ്ടതില്ല. അതിന്റെ മുൻ വാക്യം നോക്കിയാൽ മതി. ആകാശം ചുട്ടഴിയുവാനും മൂലപദാർത്ഥങ്ങൾ വെന്തുരുകുവാനുമുള്ള ദൈവദിവസത്തിന്റെ വരവ് കാത്തിരുന്നും ബദ്ധപ്പെടുത്തിയും കൊണ്ട് നിങ്ങൾ എത്ര വിശുദ്ധ ജീവിതവും ഭക്തിയും ഉള്ളവർ ആയിരിക്കണം (വാ. 11:12). മൂലപദാർത്ഥങ്ങൾ വെന്തുരുകുവാനുള്ള ദിവസം കാത്തിരിക്കുന്നത് അത് അനുഭവമാക്കാനല്ലല്ലോ. അതിന്റെ പ്രതിഫലനമാണ് 13–ാം വാക്യത്തിൽ പറയുന്നത്. അതും സഭയ്ക്ക് അനുഭവമാക്കാനുള്ളതല്ല. പുതിയ ആകാശവും പുതിയഭൂമിയും ആവിർഭവിക്കുന്നതിന് ആയിരത്തിൽ അധികം വർഷങ്ങൾക്കു മുമ്പ് സത്യ സഭ മൂന്നാം സ്വർഗത്തിൽ എത്തിയിരിക്കും. അതാണ് രക്ഷാ പൂർത്തി. അതിലുപരിയായ വാഗ്ദത്തങ്ങളൊന്നും സഭയ്ക്ക് നൽകിയിട്ടില്ല. എന്നാൽ ഇന്നത്തെ ആകാശവും ഭൂമിയും ഒഴിഞ്ഞു പോകുമ്പോഴാണ് സാത്താന്റെ വിത്തുകൾ ഭൂമിയിൽ നിന്നും പൂർണ്ണമായി ഒഴിഞ്ഞു പോകുന്നത്. പുതിയ ആകാശവും ഭൂമിയും ആവിർഭവിക്കുമ്പോഴാണ് അതിനെക്കുറിച്ചുള്ള ദൈവിക പദ്ധതികൾ സമ്പൂർണ്ണ വിജയത്തിലെത്തുന്നത്. അത് സംഭവിച്ചു കാണാൻ സഭ കാത്തിരിക്കണമെന്നാണ് പത്രോസ് പറയുന്നത്. അത് സഭയ്ക്കു വേണ്ടിയുള്ളതായതുകൊണ്ടല്ല.

പുതിയ ഭൂമിയിലെ അവസ്ഥ

പുതിയ ഭൂമിയിലെ വാസികൾ ഭൗമ ശരീരികളായിരിക്കുമെന്നും അവർ ആരെല്ലാമെന്നും അവർ അവിടെ എത്താനുള്ള കാരണങ്ങൾ എന്തെല്ലാമെന്നും മുകളിൽ പരാമർശിച്ചതാണ്. അവരുടെ അവസ്ഥയാണ് ഇവിടുത്തെ വിഷയം. അവിടുത്തെ അവസ്ഥ വിപരീതങ്ങളായ രണ്ട് വിധങ്ങളായി മനസിലാക്കാം.

അവിടെ ഉണ്ടായിരിക്കുന്നത്, അവിടെ ഇല്ലാത്തത് (ഇല്ലാതിരിക്കുന്നത്)

അവിടെ ഉണ്ടായിരിക്കുന്നതിൽ ആദ്യത്തേത് അതിലെ നിവാസികളാണ്. യിസ്രായേൽ അതേ പേരിൽ ഒരു പ്രത്യേകമായ വർഗമായി അവിടെ ഉണ്ടായിരിക്കും. ഞാൻ ഉണ്ടാക്കുന്ന പുതിയ ആകാശവും പുതിയ ഭൂമിയും എന്റെ മുമ്പാകെ നിലനിൽക്കുന്നതുപോലെ നിങ്ങളുടെ സന്തതിയും നിങ്ങളുടെ പേരും നിലനിൽക്കും എന്ന് യഹോവയുടെ അരുളപ്പാട് (യെശ. 66:22). അത് വ്യക്തമായ പ്രവചനമാകയാൽ വ്യാഖ്യാനിക്കേണ്ടതില്ല. അമാവാസി ശബ്ബത് എന്നീ പെരുനാളുകൾ ആചരിക്കപ്പെടുമെന്ന് തുടർന്ന് പറയുന്നു. വാ. 23. ജാതികളും അവിടെ ഉണ്ടായിരിക്കും (വെളി 21:26; 22:2). ഇന്നത്തെ ജാതി വ്യവസ്ഥകൾ അന്നുണ്ടായിരിക്കുമെന്നല്ല അതിനർത്ഥം. യിസ്രായേലൊഴികെയുള്ള സകലരേയും ചേർത്തുള്ള പ്രയോഗമാണത് ഇംഗ്ലീഷിൽ ചമശേീി എന്നാൽ രാജ്യങ്ങൾ, ദേശങ്ങൾ എന്നൊക്കെയാണർത്ഥം.

യെരുശലേം ആയിരിക്കും അന്നത്തെ ലോക തലസ്ഥാനം എന്ന് മുകളിൽ കുറിച്ചതാണ്. ഭൂമിയുടെ രാജാക്കന്മാർ തങ്ങളുടെ മഹത്വം അതിലേക്ക് കൊണ്ടു വരും (വെളി. 21:24). പുതിയ യെരുശലേമിന്റെ ഭരണത്തിൻ കീഴിൽ ലോകത്തെ രാജ്യങ്ങളായി തിരിച്ച് രാജാക്കന്മാരെ നിയമിക്കുമെന്ന് അതിനാൽ തെളിയുന്നു. ജാതികളുടെ മഹത്വവും ബഹുമാനവും അതിലേക്ക് കൊണ്ടു വരും. വാ. 26 യിസ്രായേല്യരല്ലാത്തവരും രാജാക്കന്മാരായി ഉണ്ടായിരിക്കുമെന്നും അതിനാൽ തെളിയുന്നു. യഹോവയെ സേവിച്ച് അവന്റെ നാമത്തെ സ്നേഹിച്ച് അവന്റെ ദാസന്മാരായിരിക്കേണ്ടതിന് യഹോവയോടു ചേർന്ന് വരുന്ന അന്യജാതിക്കാരെ പറ്റി (യെശ. 56:6–8) പറയുന്നു. അവരെയായിരിക്കും പുതിയ ഭൂമിയിലെ യിസ്രായേല്യ ഇതര രാജാക്കന്മാർ എന്ന് അനുമാനിക്കാം.

ആദിമ ഭൂമിയുടെ തനിമയിലുള്ളതായിരിക്കും പുതിയ ഭൂമി. ഉൽപ. 1:2–2:25 വരെ പറയുന്ന സൃഷ്ടി വിവരങ്ങൾ ആദിമ സൃഷ്ടിയെക്കുറിച്ചല്ലായെന്ന് പണ്ഡിതന്മാർ പറയുന്നു. ദൈവം ഭൂമിയെ സൃഷ്ടിച്ചത് വ്യർത്ഥമായിട്ടല്ല (യെശ. 45:18). ദൂരത്തു നിന്ന് എന്റെ പുത്രന്മാരെയും ഭൂമിയുടെ അറ്റത്തു നിന്ന് എന്റെ പുത്രിമാരെയും എന്റെ നാമത്തിൽ വിളിച്ചും എന്റെ മഹത്വത്തിനായി സൃഷ്ടിച്ച് നിർമ്മിച്ച് ഉണ്ടാക്കിയിരിക്കുന്ന ഏവരേയും കൊണ്ടു വരിക എന്ന് ഞാൻ കൽപിക്കും (യെശ. 43:6–7). അവരിൽ യഹോവയെ സ്നേഹിച്ച് അവിടുത്തെ ദാസന്മാരാകേണ്ടതിന് യഹോവയോട് ചേർന്ന് വരുന്ന പുറജാതിക്കാരും ഉണ്ടായിരിക്കും എന്ന് മുകളിൽ കുറിച്ചല്ലോ. യഹോവ സൃഷ്ടിച്ചതെല്ലാം അവിടുത്തെ മഹത്വത്തിനായിട്ടാണ്. ഭൂമിയെ പാഴും ശൂന്യവുമായി സൃഷ്ടിച്ച് ആഴത്തിൽ മുക്കിയിട്ടിരുന്നാൽ അവിടുത്തേക്ക് മഹത്വമാകയില്ലല്ലോ.

ദൈവം പാർപ്പിനായി സൃഷ്ടിച്ച ഭൂമി പാഴും ശൂന്യമാകാനുള്ള കാരണം വ്യക്തമായി ബൈബിളിൽ പറയുന്നില്ല. എന്നാൽ അനുമാനിക്കത്തക്ക സൂചനകളുണ്ട് യെശ. 14–ൽ ഒരു ബാബേൽ രാജാവിനെ പറ്റി പറയുന്നു. അവനെ അരുണോദയ പുത്രനായ ശുക്രൻ എന്നും പറയുന്നു. അവന്റെ സിംഹാസനം ദൈവത്തിന്റെ സിംഹാസനത്തിനു മീതെ വയ്ക്കുമെന്നും അവൻ ദൈവത്തോട് സമനാകുമെന്നും പറഞ്ഞ കാരണത്താൽ അവൻ സ്വർഗത്തിൽ നിന്നും വെട്ടേറ്റ് നിലത്തു വീണു എന്നും പറയുന്നു. സാത്താൻ മിന്നൽ പോലെ ആകാശത്തു നിന്ന് വീഴുന്നത് ഞാൻ കണ്ടു എന്ന് യേശു കർത്താവ് പറഞ്ഞിട്ടുണ്ട് (ലൂക്കോ. 10:18). അവിടെ പറയുന്നതൊന്നും ഒരു മനുഷ്യനുമായി ഒരു വിധത്തിലും യോജിക്കാത്തതാകയാൽ അത് സാത്താനെ കുറിച്ചാണെന്നും അവൻ ബാബേൽ രാജാവിൽ അന്ന് ആവസിച്ചിരുന്നതിനാലാണ് അവനെ ബാബേൽ രാജാവ് എന്ന് വിളിച്ചിരിക്കുന്നതെന്നും വ്യാഖ്യാനിക്കപ്പെടുന്നു.

അതുപോലെ തന്നെ സോർ രാജാവ് എന്ന പേരിൽ ഒരുത്തനെപറ്റി യെഹസ്ക്കേൽ 28 ൽ പറയുന്നു. അവനെ കെരുബ് എന്നും വിളിച്ചിട്ടുണ്ട്. അവൻ ദൈവത്തിന്റെ തോട്ടമായ ഏദെനിൽ ആയിരുന്നു എന്നും അഗ്നിമയ രത്നങ്ങളുടെ മദ്ധ്യേ സഞ്ചരിച്ചു എന്നും പറയുന്നു. അവനെ പറ്റി പറയപ്പെട്ടിരിക്കുന്നതും ഒരു വിധത്തിലും ഒരു മനുഷ്യനുമായി യോജിക്കുന്നതല്ല. അതിനാൽ പ്രസ്തുത രണ്ട് വിവരണങ്ങളും സാത്താനെക്കുറിച്ചാണെന്നും അവൻ ദൂതന്മാരിൽ അഗ്രഗണ്യനായിരുന്നു എന്നും ഒരു പറ്റം ദൂതന്മാർ അവന്റെ കൂടെയുണ്ടായിരുന്നു എന്നും അവർ ആദിമ ഭൂമിയിലെ മനുഷ്യരുടെ സേവകാത്മാക്കളായിരുന്നു എന്നും വ്യാഖ്യാനിക്കപ്പെടുന്നു. യെഹെസ്ക്കേൽ 28 ൽ വിവരിക്കുന്ന പ്രകാരമുള്ള അവന്റെ സൗന്ദര്യത്തിലും പദവിയിലും നിഗളിച്ച് അവന്റെ അധീനതയിലുള്ള ദൂതന്മാരെ ചേർത്ത് ദൈവസിംഹാസനത്തിന്റെ മീതെ തന്റെ സിംഹാസനം സ്ഥാപിച്ച് ദൈവത്തെ കീഴ്പ്പെടുത്താൻ ശ്രമിച്ചതിനാൽ ദൈവത്തിന്റെ ദൂതന്മാർ അവനെ വെട്ടി നിലത്തിട്ടു. അവൻ ആദിമ ഭൂമിയിലെ മനുഷ്യരെ വഞ്ചിച്ച് വശീകരിച്ച് അവന്റെ പക്ഷത്താക്കി. അവരും ദൈവത്തോട് മത്സരിച്ചതിനാൽ ആ ഭൂമിയെ ദൈവം ആഴത്തിൽ മുക്കി അതിലെ ജീവികളെയെല്ലാം നശിപ്പിച്ചാണ് ഭൂമി പാഴും ശൂന്യമായതെന്നും ന്യായമായി അനുമാനിക്കാം. അതിന്റെ അവശിഷ്ടങ്ങളായിരിക്കാം ഇക്കാലത്ത് കണ്ടെടുക്കുന്ന ഫോസിലുകൾ.

സാത്താനും അവന്റെ ദൂതന്മാരും മർത്ത്യ ശരീരികളല്ലാത്തതിനാൽ അവർ മരിച്ചില്ല. അവർ ആകാശ മണ്ഡലം അവരുടെ വാസസ്ഥലമാക്കി. ദൈവം അവിടുത്തെ മഹത്വത്തിനായി സൃഷ്ടിച്ച ഭൂമിയിലെ മനുഷ്യരും ഇതര ജീവജാലങ്ങളും നശിക്കുകയും ഭൂമി പാഴും

(ശേഷം പേജ് 6)

വ്യാജങ്ങളെ നിർവ്യാജമാക്കുവാൻ കഴിയുന്ന സ്നേഹം

ജോൺസൻ
കടമ്പനാട്

'സ്നേഹം നിർവ്യാജമായിരിക്കട്ടെ'! വ്യാജസ്നേഹങ്ങൾ യഥാർത്ഥ സ്നേഹത്തേക്കാൾ അധികം നമ്മുടെ ഇടയിലുണ്ട്. അത് നന്നായി വ്യാപാരം ചെയ്ത് ലാഭമുണ്ടാക്കുന്ന ഒരു വസ്തുപോലെയാണ്. ഒരു മാർക്കറ്റിംഗ് തന്ത്രമെന്ന് വേഗത്തിൽ പറയാം. യഥാർത്ഥമായത് വളരെ ചുരുക്കവും അയഥാർത്ഥമായത് സുലഭവുമാണ്. സഭയിലും ഇതു തന്നെയാണ് ഇന്നത്തെ സ്ഥിതി. പുറമെ ചിരിച്ചും അകമെ കയർത്തും കൊണ്ട് നടക്കുന്ന അഭിനവ ഭക്തന്മാരുണ്ട്. വ്യാജസ്നേഹം വളരെ വേഗം വളരുന്ന ഒരു ചെടിപോലെയാണ്. കാഴ്ചയിൽ നെൽച്ചെടി, വിളവിൽ മറ്റൊന്ന്. പ്രയോജനമില്ലാത്ത ഇത്തരം പാഴ്ച്ചെടികളെ കർത്താവിന് ആവശ്യമില്ല. ഉള്ളതുമതി, അത് 100 മേനി വിളവ് തന്നാൽ അതല്ലെ ആവശ്യം.

നമ്മുടെ വിഷയം വ്യാജത്തെ നിർവ്യാജമാക്കുന്ന വിഷയമാണ്. സ്നേഹം ദൈവത്തിൽ നിന്ന് വരുന്നു. അത് യഥാർത്ഥമാണെങ്കിൽ അനേകരെ നേടും. അതല്ല (Created love/ Artificial love) നിർമ്മിത ബുദ്ധിഎന്നപോലെ ദൈവത്തിൽ നിന്നല്ലാത്ത സ്നേഹം ഉത്പാദിപ്പിച്ചുകൊണ്ട് അതിനാൽ ലാഭം ഉണ്ടാക്കുന്ന ആത്മിയ കച്ചവടം ഇന്ന് നമ്മുടെ ഇടയിലുണ്ട്. ഇത് ചെറുകിട വ്യാവസായമല്ല വൻകിട വ്യവസായങ്ങളായി തഴെച്ചു വളരുന്നു.

എനിക്ക് ചില സഭകളെ അറിയാം, അവരിൽ ചിലരെ ഞാൻ അടുത്തറിഞ്ഞതിനാൽ വളരെ കരുതലും സ്നേഹവും പ്രകടിപ്പിക്കുന്നവരാണ്. അവരുടെ സംഭാഷണമൊക്കെ ആതമാർത്ഥ സ്നേഹത്തെ പ്രതിഫലിപ്പിക്കുന്നു. അപ്പോൾ തന്നെ മറ്റ് പല കാര്യങ്ങളിലും അവർ പുളിച്ച മുന്തിരിപോലെയാണ് ഫലമുണ്ടായെങ്കിലും കഴിക്കാൻ കഴിയാത്ത പാഴ്ഫലങ്ങൾ ഉദ്പാദിപ്പിക്കുന്നു. ആത്മിയ യാഥാർത്ഥ്യങ്ങൾ അറിയാത്ത പലരും ഈ വ്യാജസ്നേഹത്തെ തിരിച്ചറിയാറില്ല. അവർക്ക് സ്നേഹം മതി. അതൊരു തരം വിശ്വാസ വഞ്ചനയാണ്. വ്യാജസ്നേഹം മാനുഷീകമാണ്. ദൈവസ്നേഹം നമ്മെ ക്രിസ്തുവിനോട് അനുരൂപപ്പെടുവാൻ സഹായിക്കുന്നു. മറ്റുള്ളവരെ സ്നേഹിക്കുന്ന സ്നേഹമോ പാപമയമില്ലാത്തതും സ്ഥാർത്ഥതയില്ലാത്തതുമാണ്. നിത്യജീവൻ പ്രാപിക്കുവാൻ സഹായിക്കേണ്ടതിന് നാം മറ്റുള്ളവര സ്നേഹിക്കണം. ക്രിസ്തുവിന്റെ സ്നേഹം ലാഭക്കൊതിയോടെ ആയിരുന്നില്ല. ഞാൻ നിന്നെ സ്നേഹിച്ചാൽ എനിക്ക് എന്ത് ലാഭം? എന്ന് ചിന്തിക്കാറില്ല.

ചിലർ മറ്റുള്ളവരെ സ്നേഹിക്കുന്നത് പലവിധത്താണ്. ഒന്നുകിൽ ദാനം ചെയ്യുക (വളരെ കുറഞ്ഞ ഒരു തുക) അതുമല്ലെങ്കിൽ ഭക്ഷണം നൽകുക, പഴയ വസ്ത്രം നൽകുക തുടങ്ങിയവയൊക്കെ നല്ല കാര്യമാണെന്ന് തോന്നും. ദൈവം നോക്കുമ്പോൾ നമുക്കു നല്ലതെന്നു തോന്നുന്നത് ചെയ്യുക എന്നല്ല ദൈവഹിതം ചെയ്യുക എന്നതാണ്. 1യോഹ. 2 നോക്കുക; ആരെങ്കിലും കർത്താവിന്റെ വചനം പ്രമാണിക്കുന്നുവെങ്കിൽ അവനിൽ ദൈവസ്നേഹം വാസ്തവമായി നിറഞ്ഞിരിക്കുന്നു. നാം ദൈവത്തെ സ്നേഹിക്കുന്നത് എങ്ങനെയാണ്? പ്രവൃത്തികളാൽ ദൈവകൽപനകൾ അനുസരിക്കുന്നതിനാൽ സഹോദരന്മാർക്കുവേണ്ടി ജീവനെ കൊടുക്കുന്നതിലൂടെ, ഭയപ്പെടാതെ തികഞ്ഞ സ്നേഹത്തെ പ്രദർശിപ്പിക്കുന്നതിനാൽ നാം മറ്റുള്ളവരോട് ക്ഷമിക്കാൻ കഴിയുന്നത് നമുക്ക് ദൈവസ്നേഹം ഉള്ളപ്പോഴാണ്. ദൈവം നമ്മിൽ പകർന്നു നൽകിയ ജീവനാണ് കാരണം. ദൈവപിതാവിന്റെ അതിമഹത്തായ സ്നേഹം ക്രിസ്തു രണ്ടാമത് വന്ന് നമ്മെ ചേർക്കും എന്നതാണ്. അത് സാദ്ധ്യമാകുവാൻ നമ്മൾ നമ്മെത്തന്നെ കഴുകി വെടിപ്പാക്കി വിശുദ്ധിയെ തികക്കണം, അത് ദൈവസ്നേഹത്തിൽ നിന്നുയരണം. നമ്മുടെ പാപത്തെ നാം കാണാതിരിക്കുമ്പോൾത്തന്നെ ദൈവം പൂർണ്ണമായി കാണുന്നു എന്നതാണ്. ദൈവത്തിന് ഒന്നും മറവായിരിക്കുന്നില്ല.

നാം ദൈവത്തെ അറിയുന്നു എന്ന് പറയുമ്പോൾ ദൈവം എങ്ങനെയുള്ളവൻ എന്ന് നാം അറിയേണ്ടതാണ്. പാപം എത്ര ചെയ്താലും കുഴപ്പമില്ല. കാരണം ദൈവം പാപിയെ സ്നേഹിക്കുന്നുവല്ലോ! അല്ല, നാം പാപികൾ ആയിരിക്കുമ്പോൾ അതിന്റെ ഫലമായ നരകാഗ്നിയിൽ നിന്ന് രക്ഷിക്കുന്ന സ്നേഹമാണ് ദൈവം നമ്മോട് ചെയ്തത്. നാം ക്രിസ്തുമൂലം പാപാഗ്നിയിൽ നിന്നും മോചനം പ്രാപിക്കുന്നു. ഇതിന് ക്രിസ്തു വലിയ വില നൽകി. ക്രിസ്തു ദൈവത്തിന്റെ പുത്രനാണ്. ഈ കാര്യം പരിശുദ്ധാത്മാവ് നമുക്ക് വെളിപ്പാട് നൽകിയാലെ വ്യക്തമായി ഗ്രഹിക്കാൻ കഴിയൂ. ലോകസ്നേഹം വ്യാജസ്നേഹമാണ്. ആദാമ്യ സ്നേഹമാണ്. എനിക്ക് തന്നാൽ ഞാനും കൊടുക്കും, എന്റെ വീട്ടിൽ വന്നാൽ ഞാൻ അവന്റെ വീട്ടിലും പോകും എന്നിങ്ങനെ തങ്ങൾക്ക് ഉപകാരമുണ്ടാകുന്ന ഒരു പ്രക്രീയയിലൂടെ സ്നേഹിക്കുന്നത് ദൈവസ്നേഹമല്ല. ചില സഹോദരന്മാർ സഭയിൽ ഭിന്നത വരുമ്പോൾ തന്റെ സഹോദരന്റെ വീഴ്ചയിൽ സന്തോഷിക്കുന്നവരുണ്ട്. നാളെ എനിക്കും ഇത് സംഭവിക്കാം എന്ന് ചിന്തിക്കാറില്ല.

കർത്താവിന്റെ ശിഷ്യന്മാരെ എങ്ങനെ തിരിച്ചറിയാം? അതിന് യേശു തന്നെ പറഞ്ഞു, തമ്മിൽ തമ്മിൽ നിങ്ങൾ സ്നേഹിക്കുമ്പോൾ ലോകം അത് അറിയും. അപ്പോൾ ലോകം നിങ്ങളെക്കുറിച്ച് പറയുന്നത് നിങ്ങൾ യേശുവിന്റെ ശിഷ്യന്മാർ എന്നാണ്. നമ്മെക്കുറിച്ച് ലോകത്തിനും ഒരു സാക്ഷ്യം പറയാനുണ്ടെങ്കിൽ ക്രിസ്തുവിന്റെ സ്നേഹത്തെക്കുറിച്ചായിരിക്കണം (യോഹ. 1:6,7). നാം തമ്മിൽ തമ്മിൽ സ്നേഹിക്കുക, അതിലൂടെ ദൈവകൽപനകളെ അനുസരിക്കാൻ കഴിയും എന്നാണ്.

1യോഹ. 3:1 ൽ പറയുന്നു, നാം ദൈവമക്കളെന്ന് വിളിക്കപ്പെടുവാൻ പിതാവ് എത്ര വലിയ സ്നേഹം നമുക്ക് നൽകിയിരിക്കുന്നു. 1യോഹ. 4:7 ൽ പറഞ്ഞിരിക്കുന്നത് ദൈവത്തിൽ നിന്ന് വരുന്നതാണ് സ്നേഹം.നാം തമ്മിൽ തമ്മിൽ സ്നേഹിക്കണം എന്നാണ്. പ്രവർത്തികളിലൂടെ പിതാവിന്റെ കൽപനകൾ അനുസരിക്കുന്നതിലൂടെ നാം ദൈവത്തെ സ്നേഹിക്കുന്നു. ദൈവം സനേഹം തന്നെ. സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു. ''നാം ദൈവത്തെ സ്നേഹിക്കുന്നു എന്ന് പറയുകയും സഹോദരനെ പകെക്കുകയും ചെയ്യുന്നവൻ കള്ളനാകുന്നു'' (1യോഹ. 4:20). ''അന്യോന്യം സ്നേഹക്കുന്നതല്ലാതെ മറ്റൊന്നും കടപ്പെട്ടിരിക്കുന്നത്'' (റോമ. 13:8-10). പല കൽപനകളുടെയും കേന്ദ്രബിന്ദു സ്നേഹമാണ്. ഉറക്കത്തിൽ നിന്നുണരുവാൻ നാഴിക വന്നിരിക്കയാൽ വ്യാജസ്നേഹം ഉപേക്ഷിച്ച് നിർവ്യാജമായി പരസ്പരം സ്നേഹിക്കാം!

ചർച്ച് ഓഫ് ഗോഡ് കേരള സ്റ്റേറ്റ് കൗൺസിലിംഗ് ക്ലാസ്സുകൾ ആരംഭിക്കുന്നു

മുളക്കുഴ: ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ കേരള സ്റ്റേറ്റ് കൗൺസിലിംഗ് ഡിപ്പാർട്മെന്റിന്റെ നേതൃത്വത്തിൽ പ്രീ മാരിറ്റൽ കൗൺസിലിംഗ് ക്ലാസ്സുകൾ ആരംഭിക്കുന്നു. അനുദിനം ശിഥിലമാകുന്ന കുടുംബജീവിതങ്ങളുടെ പശ്ചാത്തലത്തിൽ യുവതിയുവാക്കൾക്കായി. എല്ലാ മാസവും നാലാമത്തെ ശനിയാഴ്ച രാവിലെ 10 മണി മുതൽ വൈകുന്നേരം 4 മണി വരെ ക്ലാസുകൾ നടത്തും. പങ്കെടുക്കുന്നവർക്ക് സർട്ടിഫിക്കറ്റുകൾ നൽകും. പങ്കെടുക്കാൻ താല്പര്യമുള്ളവർ നിശ്ചിത മാസത്തിന്റെ ഇരുപതാം തീയതിക്ക് മുമ്പ് ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ടതാണ്

വിവാഹങ്ങൾക്ക് മുമ്പ് പ്രീമാരിറ്റൽ കൗൺസിലിംഗ് നിർബന്ധമാക്കുന്നതിന്റെ ഭാഗമായിട്ടാണ് കൗൺസലിങ് കോഴ്സുകൾ സജ്ജമാക്കുന്നത്. സെന്റർ, സോണൽ തലങ്ങളിലും പ്രീമാരിറ്റൽ കൗൺസിലിംഗ് ക്ലാസുകൾ വ്യാപിപ്പിക്കുന്നതാണ്. ഡയറക്ടർ പാസ്റ്റർ ഫിന്നി ജോസഫ്, സെക്രട്ടറി ബ്രദർ അലൻ ബാലാജി, സ്റ്റേറ്റ് കോർഡിനേറ്റേഴ്സ് പാസ്റ്റർ ഷെർവിൻ വർഗീസ്, പാസ്റ്റർ ഷാജി ഫിലിപ്പ് തുടങ്ങിയവർ നേതൃത്വം നൽകും.



PRAYER

പ്രാർത്ഥനയ്ക്ക് മറുപടി കിട്ടാത്തതിനാൽ നിങ്ങൾ ഭാരപ്പെടുന്നുണ്ടോ? ദൈവവചനം വിശ്വാസത്തോടുകൂടി അനുസരിച്ച് ജീവിതത്തെ ക്രമപ്പെടുത്തുവാൻ നിങ്ങൾ തയ്യാറാണോ? എന്നാൽ ഞങ്ങളും നിങ്ങളോടൊത്ത് പ്രാർത്ഥിക്കാം. എല്ലാ വിവരങ്ങളും ഞങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.

Prayercell, Ponkunnam P.O.,
Kerala, pin 686 506. Phone : 04828223287
Email : prayercell@rediffmail.com

സഭാരാഷ്ട്രീയവും അനന്തര ഫലങ്ങളും

പാസ്റ്റർ ജോൺ ഫിലിപ്പ്
ഏഴംകുളം, 9947229654

> **ദൈവാധിപത്യത്തിലുള്ള ഒരു ജനാധിപത്യമാണ് നമുക്കു വേണ്ടത്. പെന്തെക്കോസ്തിന്റെ ശക്തി വീണ്ടെടുക്കാൻ സ്വയപരിശോധനയും തിരുത്തലുമാണ് ആവശ്യം. സഭാഗാത്രത്തെ ഗ്രസിച്ചിരിക്കുന്ന അർബുദമാണ് സഭാരാഷ്ട്രീയം. അതിന് പരിഹാരം ഉണ്ടായേ മതിയാകൂ.**

ക്രൈസ്തവ സഭാ വിഭാഗങ്ങളെ കാതലിക്, ഓർത്തഡോക്സ്, പ്രൊട്ടസ്റ്റന്റ് എന്നിങ്ങനെ തരം തിരിക്കാം. ഓരോ വിഭാഗത്തിനും അവരവരുടേതായ പാരമ്പര്യങ്ങളും ആചാരങ്ങളുമുണ്ട്. ഉപവിഭാഗങ്ങളായി എണ്ണമറ്റ സഭകൾ കേരളത്തിൽ തന്നെയുണ്ട്. അംബരചുംബികളായ ദേവാലയങ്ങളും ആചാരങ്ങളും ആചാര്യന്മാരുമുള്ള സഭകൾക്ക് നൂറ്റാണ്ടുകളുടെ പാരമ്പര്യവും, സാമ്പത്തിക ഭദ്രതയും സ്വാധീനവും ഉണ്ട്.

അധികം പൂർവ ചരിത്രം ഒന്നും അവകാശപ്പെടാനില്ലാത്ത ഒരു നൂറ്റാണ്ടു കാലത്തെ മാത്രം ചരിത്രമുള്ള ഒരു വിഭാഗമാണ് പെന്തെക്കോസ്ത് സഭകൾ. 1901 ജനുവരി ഒന്നിന് അമേരിക്കയിലെ ക്യാൻസാസ് നഗരത്തിലെ റ്റൊപ്പെക്കാ എന്ന സ്ഥലത്ത് ബഥേൽ ബൈബിൾ കോളജിലെ വിദ്യാർഥിയായിരുന്ന ആഗ്നസ് ഓസ്മാനുണ്ടായ അന്യഭാഷാ വരമാണ് പെന്തെക്കോസ്ത് പ്രസ്ഥാനത്തിന്റെ അടിസ്ഥാനമെന്ന് പൊതുവെ വിശ്വസിക്കുന്നുണ്ടെങ്കിലും 1858 ൽ ഇന്ത്യയിൽ തിരുനെൽവേലിയിൽ അരുളപ്പൻ അന്യഭാഷയിൽ സംസാരിച്ചതായി തെളിവുകളുണ്ട്. അരുളപ്പനേയും ഇന്ത്യയിലെ ഉണർവിനേയും വേണ്ടവിധത്തിൽ അറിയാതെപോയി. ബാരറ്റ്, ബർജസ്, ആർ.എഫ്. കുക്ക്, ചാപ്പ്മാൻ തുടങ്ങിയ വിദേശമിഷനറിമാരുടെ ത്യാഗോജ്ജ്വലമായ സംഭാവനകൾ പെന്തെക്കോസ്തിന്റെ വളർച്ചയെ സ്വാധീനിച്ചിട്ടുണ്ട്. തദ്ദേശിയരുടെ സംഭാവനകളും വിസ്മരിക്കാൻ കഴിയില്ല.

പ്രാരംഭങ്ങളിൽ മുഖ്യധാരാ സഭകൾ പെന്തെക്കോസ്തുകാരെ ഒരു വിധത്തിലും അംഗീകരിച്ചിരുന്നില്ല. പരിഹാസ ശരങ്ങൾകൊണ്ട് മാനസികമായി തളർത്തിയും ഒറ്റപ്പെടുത്തിയും കുടുംബങ്ങളിൽ നിന്നും പുറത്താക്കിയും ഒക്കെ അവർ വാശി തീർത്തു. മർദ്ദനമേറ്റവർ, പട്ടിണി കിടന്നവർ എത്രയോ അധികം! എങ്കിലും പെന്തെക്കോസ്തുകാരുടെ സത്യസന്ധത, ലളിത ജീവിതം, ആഴമായ കൂട്ടായ്മ ബന്ധം, പ്രാർഥന, ഉപവാസം, അത്ഭുത രോഗശാന്തി, ഭൂതോച്ചാടനം ഇവയെല്ലാം സമൂഹത്തെ ആകർഷിച്ചു. സാമ്പത്തിക അടിത്തറയോ രാഷ്ട്രീയ സ്വാധീനമോ ഇല്ലാത്ത സാധാരണക്കാരായിരുന്നു പെന്തെക്കോസ്തിലേക്ക് വന്നവരിൽ ബഹുഭൂരിപക്ഷവും. ദൈവവചനം ദൈവനിശ്വാസീയമാണെന്നും, അതിലെ ഓരോ വാക്കുകളും അങ്ങനെ തന്നെ ആണെന്നും അവർ വിശ്വസിച്ചു. ആധുനിക വ്യാഖ്യാനങ്ങളൊന്നും അവർക്ക് വശമില്ലായിരുന്നു. പ്രവചനത്തിനും പരിശുദ്ധാത്മ നിയന്ത്രണത്തിനും ഏറെ പ്രാധാന്യം നൽകി. കാലക്രമേണ പരിഹസിച്ചവർ തന്നെ അഭിനന്ദിക്കേണ്ടതായി വന്നു.

ആഗോള ക്രൈസ്തവ സഭയിലെ ഏറ്റവും വലുതും വളരുന്നതുമായ വിഭാഗമാണ് പെന്തെക്കോസ്ത് സഭ (ഭാരത ക്രൈസ്തവ സഭ നൂറ്റാണ്ടുകളിലൂടെ, കെ.എം. ജോർജ്, 63). ആഗോളപരമായി പെന്തെക്കോസ്ത് സഭകൾ വളർന്നുകൊണ്ടിരിക്കുന്നുവെങ്കിലും കേരളത്തിലെ മുഖ്യധാരാ പെന്തെക്കോസ്ത് സഭകളുടെ വളർച്ച മന്ദഗതിയിലാണ്. മുഖ്യധാരാ പെന്തെക്കോസ്ത് സഭകളിലേക്കുള്ള ഒഴുക്ക് കുറയുകയും നവപ്രവണതകളിലേക്കുള്ള ഒഴുക്ക് കൂടുകയും ചെയ്തു. പുന:പരിശോധന നടത്തുകയും തെറ്റുകൾ തിരുത്താൻ ശ്രമിക്കയും വേണം.

ചലനാത്മകമായിരുന്ന പെന്തെക്കോസ്തിനെ നിർജ്ജീവമാക്കിയതിന്റെ ഒന്നാമത്തെ ഘടകം അതിരു കടന്ന സഭാരാഷ്ട്രീയം തന്നെയാണ്. അതുകൊണ്ട് ഗുണമൊന്നുമില്ല എന്നുമാത്രമല്ല ഏറെ ദോഷങ്ങളുണ്ടു താനും. ശുശ്രൂഷകരിലും വിശ്വാസികളിലും തെരഞ്ഞെടുപ്പ് സൃഷ്ടിക്കുന്ന വിഭാഗീയത വർഷങ്ങളോളം നിലനിൽക്കും. പ്രാദേശീക സഭ മുതൽ സംസ്ഥാന ഭരണ സംവിധാനം വരെ പ്രത്യക്ഷമായോ പരോക്ഷമായോ ഈ വിഭാഗീയത കാണാം. ആത്മീയ സമ്മളനങ്ങളിലും വിഭാഗീയതയുണ്ട്. അർഹരായവർക്കും, അകത്തും പുറത്തും നല്ല സാക്ഷ്യമുള്ളവർക്കും അവസരങ്ങൾ നിഷേധിക്കുകയും പാനലിൽ സജീവമായി നിന്നവർക്ക് മുഖ്യാസനം നൽകുകയും ചെയ്യുമ്പോൾ ഒരു തെറ്റായ സന്ദേശം നാം നൽകുന്നു. അവസരം വേണോ? ഏതെങ്കിലും ഒരു പാനലിൽ സജീവമാകുക. എന്ത് അയോഗ്യതയുണ്ടെങ്കിലും മുന്തിയ സഭകൾ പാനൽ നേതാക്കൾക്കു നൽകുന്നതും സഭാരാഷ്ട്രീയത്തിന്റെ ഫലമാണ്. നേതാക്കന്മാർക്കുവേണ്ടി വോട്ട് പിടിക്കുന്നവരുടെ തെറ്റുകൾ തിരുത്താതെ അവയെ വെള്ളപൂശി മുകളിലേക്ക് കയറ്റി വിടുന്നത് ഉചിതമല്ല.

സഭാരാഷ്ട്രീയവും ഭിന്നതകളും കേസുകളും സഭാ വളർച്ചയെ തടഞ്ഞു നിർത്തും. പരിശുദ്ധാത്മാവിനാൽ നിയന്ത്രിതമായ സഭ മാത്രമേ വളർച്ച പ്രാപിക്കുകയുള്ളു. ആദിമ സഭയുടെ ചരിത്രമാണ് അപ്പോസ്തോലപ്രവൃത്തികൾ. പരിശുദ്ധാത്മാവ് എങ്ങനെയാണ് സഭയെ നയിച്ചതെന്നും, പ്രതിസന്ധികളെ എങ്ങനെയാണ് അവർ നേരിട്ടതൊന്നും രേഖപ്പെടുത്തിയിരിക്കുന്നത് പെന്തെക്കോസ്തരായ നമുക്ക് അനുകരിക്കുന്നതിനാണ്. ഉർജ്ജസ്വലരും സത്യസന്ധരും ആയിരുന്ന എത്രയോ സുവിശേഷകരേയും വിശ്വാസികളേയും സഭാരാഷ്ട്രീയം നിർജീവമാക്കിയിട്ടുണ്ട്. കേസുകളും കോടതിയും ഭിന്നതയും കലഹവും നമ്മുടെ ഇടയിലുള്ള കാലത്തോളം തലയുയർത്തി നിന്ന് സുവിശേഷം പറയാൻ കഴിയില്ല. എല്ലായിടത്തും ഇതൊക്കെയുണ്ട് എന്ന് നിങ്ങൾ പറഞ്ഞേക്കാം, സമ്മതിക്കുന്നു. നമ്മുടെ ഇടയിൽ അത്തരം കാര്യങ്ങൾ ഉണ്ടാകരുത്. കാരണം നാം ദൈവത്തിന്റെ ജനവും, ലോകത്തിന്റെ പ്രകാശവുമാണ്. ലോകത്തിലുള്ളതൊക്കെ സഭയിലേക്ക് പ്രവേശിക്കരുത്. സഭ ഈ ലോകത്തിൽ ആയിരിക്കുന്നിടത്തോളം ഇവിടുത്തെ നിയമങ്ങൾ അനുസരിക്കണം. തെരഞ്ഞെടുപ്പുകൾ നടത്തണം. അവയിൽ നിന്നൊന്നും നമുക്ക് ഒളിച്ചോടാൻ കഴിയില്ല. തെരഞ്ഞെടുപ്പുകൾ വിഭാഗീയത സൃഷ്ടിക്കുന്നതും വ്യക്തിഹത്യ നടത്തുന്നതും ആയിരിക്കരുത്. പണാധിപത്യം കൊണ്ട് സഭയെ നിയന്ത്രിക്കാൻ ശ്രമിക്കരുത്. ജനാധിപത്യ ഭരണ സംവിധാനമാണ് നമ്മുടെ രാജ്യത്തിലുള്ളത്. മിക്ക പെന്തെക്കോസ്ത് സഭകളുടെ നേതാക്കന്മാരെ കണ്ടെത്തുന്നതും ആ രീതിയിൽ തന്നെയാണ്. അതൊന്നും തെറ്റല്ല. അതിന്റെ പിന്നാമ്പുറങ്ങളിലെ ചേരിപ്പോരുളും, പകപോക്കലും ദൈവീകമല്ല.

ദൈവാധിപത്യത്തിലുള്ള ഒരു ജനാധിപത്യമാണ് നമുക്കു വേണ്ടത്. പെന്തെക്കോസ്തിന്റെ ശക്തി വീണ്ടെടുക്കാൻ സ്വയപരിശോധനയും തിരുത്തലുമാണ് ആവശ്യം. സഭാഗാത്രത്തെ ഗ്രസിച്ചിരിക്കുന്ന അർബുദമാണ് സഭാരാഷ്ട്രീയം. അതിന് പരിഹാരം ഉണ്ടായേ മതിയാകൂ.

വരിസംഖ്യയും മേൽവിലാസവും പുതുക്കുക

The Editor, Sworgeeya Dwoni, P.O. Box. 35, Adoor Shopping Complex, K.S.R.T.C Jn., Adoor691 523
Sworgeeyadwoni, A/C No. 10420200004867, IFSC Code: FDRL 0001042, Federal Bank, Adoor.
Google pay No. 9447593865. Name : Finny P Mathew

ന്യൂ ഇന്ത്യ ചർച്ച് ഓഫ് ഗോഡ്: സൺഡേസ്കൂൾ കേരള സ്റ്റേറ്റ് ലീഡർഷിപ്പ് സംഗമം

ചിങ്ങവനം: ന്യൂ ഇന്ത്യ ചർച്ച് ഓഫ് ഗോഡ് സൺഡേസ്കൂൾ കേരള സ്റ്റേറ്റ് ലീഡർഷിപ്പ് സംഗമം ചിങ്ങവനം ബെഥേസ്ഥാ നഗറിൽ നടന്നു. ന്യൂ ഇന്ത്യ ചർച്ച് ഓഫ് ഗോഡ് സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ ബോബൻ തോമസ് ഉദ്ഘാടനം ചെയ്തു. സൺഡേസ്കൂൾ സെക്രട്ടറി പാസ്റ്റർ ചെറിയാൻ വർഗീസ് അധ്യക്ഷനായിരുന്നു.പാസ്റ്റർ കെ പി സജി കുമാർ ക്ലാസുകൾ നയിച്ചു. തുടർന്ന് നടന്ന സെഷനിൽ സൺഡേസ്കൂൾ കോർഡിനേറ്റർ പാസ്റ്റർ ലിജോ കെ ജോസഫ് അധ്യക്ഷനായിരുന്നു. സൺഡേസ്കൂൾ റീജയനായി തിരിച്ച് ഗ്രൂപ്പ് ചർച്ചകൾ നടത്തി. റീജിയൻ സെക്രട്ടറിമാരായ പാസ്റ്റർ ജെഗി കുര്യാക്കോസ്, പാസ്റ്റർ തോമസ് വർഗീസ്, പാസ്റ്റർ രതീഷ്, ബെഞ്ചമിൻ പാസ്റ്റർ ബ്ലസൻ എറണാകുളം, റജി മാത്യു തുടങ്ങിയവർ ചർച്ചയിൽ വിഷയങ്ങൾ അവതരിപ്പിച്ചു.

സൺഡേ സ്കൂൾ സ്റ്റേറ്റ് ഡയറക്ടർ പാസ്റ്റർ ഫിന്നി കുരുവിള സമാപന സന്ദേശം നൽകി. പാസ്റ്റർ സുരേഷ്, ഫേബാ ലിജോ തുടങ്ങിയവർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. ലീഡേഴ്സിനു ഗിഫ്റ്റുകൾ നല്കി ആദരിച്ചു. ജോയിന്റ് സെക്രട്ടറി പാസ്റ്റർ സാംകുട്ടി സ്വാഗതവും ട്രഷർ തോമസ് സി ജോൺ നന്ദിയും പറഞ്ഞു. കേരളത്തിലെ എല്ലാ സെന്ററുകളിൽ നിന്നും സെന്റർ സെക്രട്ടറിമാരും റീജിയൻ സെക്രട്ടറിമാരും പങ്കെടുത്തു.

പാസ്റ്റർ കെ.എസ് എബ്രഹാമിനു ഡോക്ടറേറ്റ്

അമേരിക്കയിലെ പ്രശസ്തമായ അസ്ബറി തിയോളജിക്കൽ സെമിനാരിയിൽ ഡോക്ടർ ഓഫ് മിനിസ്ട്രിയിൽ ഡോക്ടറേറ്റ് ബിരുദം നേടി പാസ്റ്റർ കെ.എസ് എബ്രഹാം. ക്രിസ്തു വിശ്വാസികളെ ഉത്തമ ശിഷ്യന്മാരായി രൂപാന്തരപ്പെടുത്തുക എന്ന വിഷയത്തിലാണ് ഡോക്ടറേറ്റ് നേടിയത്. കോട്ടയത്തെ കടുന്തുരുത്തി എബനേസർ ബൈബിൾ കോളേജ് പ്രിൻസിപ്പാളും, ഇന്ത്യാ ഗോസ്പൽ ചർച്ചസിന്റെ സ്ഥാപകനുമാണ്. ഭാര്യ: ക്രിസ്റ്റി, മക്കൾ: ഫേബ ജോബിഷ്, തിമോത്തി, ഹന്ന.

വിവാഹ പരസ്യത്തിന്
₹ 750

പുതിയ ഭരണ സമിതി

ചെറുവക്കൽ : ചെറുവക്കൽ ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരിയിൽ സെന്റർ ശുശ്രുഷകൻ റവ. ഡോ. ജോൺസൺ ദാനിയേലിന്റെ അധ്യക്ഷതയിൽ മെയ് 18നു കൂടിയ ജനറൽബോഡി മീറ്റിംഗിൽ ഐപിസി വേങ്ങൂർ സെന്റർ ഭരണസമിതിയെ തിരഞ്ഞെടുത്തു.

പ്രസിഡന്റ്: റവ. ഡോ: ജോസൺസൺ ഡാനിയേൽ. വൈസ് പ്രസിഡന്റുമാർ: പാസ്റ്റർ കെ.ഷാജി, പാസ്റ്റർ മനോജ് കെ.സി. സെക്രട്ടറി: പാസ്റ്റർ എം.സി.ജോൺ. ജോയിന്റ് സെക്രട്ടറിമാർ: പാസ്റ്റർ ഫ്രാൻസിസ് മാത്യു, ഡി.ജോൺകുട്ടി. ട്രഷറർ: ഇവാ.ജോൺസൺ ജെ., പബ്ലിസിറ്റി കൺവീനർ:ജീനു എസ്. സ്വമേധയവേല കോർഡിനേറ്റർസ് : പാസ്റ്റർ കെ രാജൻ (ആയൂർ ഏരിയ), പാസ്റ്റർ വൈ തോമസ്കുട്ടി (പൂയപ്പള്ളി ഏരിയ). ഇവാഞ്ചലിസം ബോർഡ് പ്രസിഡന്റ് : ബ്രദർ പ്രിൻസ് തോമസ്. പ്രയർ കൺവീനർ : പാസ്റ്റർ മുകുന്ദബാബു. കമ്മിറ്റി അംഗങ്ങൾ (പാസ്റ്റർസ്): പാസ്റ്റർ കെ ബെന്നി, പാസ്റ്റർ ബിനുമോൻ എം, പാസ്റ്റർ ജിനു ജോൺ, പാസ്റ്റർ പ്രസന്നൻ, പാസ്റ്റർ അലക്സ് തോമസ്, പാസ്റ്റർ ഇസ്മായിൽ (pypa). കമ്മിറ്റി അംഗങ്ങൾ (സഹോദരന്മാർ): ബ്രദർ ജോസ് എം, ബ്രദർ ഇ. എം. ഡാനിയേൽകുട്ടി, ബ്രദർ കെ ഗോപി, ബ്രദർ സുനിൽ കെ.

സണ്ടേസ്കൂൾസ് ഏകദിനക്യാമ്പ് മെയ് 31ന്

മല്ലപ്പള്ളി: ഐപിസി സണ്ടേസ്കൂൾസ് അസോസിയേഷൻ മല്ലപ്പള്ളി സെന്ററിന്റെ ചുമതലയിൽ അധ്യാപകർക്കും വിദ്യാർത്ഥികൾക്കുമായി, മല്ലപ്പള്ളി സിയോൻ ടാബർനാക്കിൾ സഭയിൽ മെയ് 31 നു (ശനി) രാവിലെ 9 മുതൽ 4 വരെ, ഏകദിന ക്യാമ്പ് നടക്കും. മല്ലപ്പള്ളി സെന്റർ ശുശ്രൂഷകൻ പാസ്റ്റർ കെ.വി. ചാക്കോ ഉദ്ഘാടനം ചെയ്യും. ട്രാൻസ്ഫോർമേഴ്സ് മിനിസ്ട്രീസ് വിവിധ ആത്മിക ശുശ്രൂഷകൾക്ക് നേതൃത്വം നൽകും. 10, +2 പരീക്ഷകളിൽ ഉന്നത വിജയം നേടിയവർക്ക് മെറിറ്റ് അവാർഡുകൾ നൽകും. പഠനോപകരണങ്ങളുടെ വിതരണവും നടക്കും.

പാസ്റ്റർ ജിബിൻ പൂവക്കാലക്ക് ഡോക്ടറേറ്റ്

ന്യൂ യോർക്ക് : ഐപിസി തിരുവല്ല പ്രയർ സെന്റർ സഭയുടെ യൂത്ത് പാസ്റ്ററും പവർ വിഷൻ ടിവിയുടെ പ്രോഗ്രാം കോർഡിനേറ്ററുമായ പാസ്റ്റർ ജിബിൻ പൂവക്കാലക്ക് ഡോക്ടറേറ്റ് ലഭിച്ചു. അമേരിക്കയിലെ അസ്ബറി തിയോളജിക്കൽ സെമിനാരിയിൽ നിന്നും യുവജനങ്ങളുടെ ഇടയിൽ ശിഷ്യത്വ പരിശീലനം എന്ന വിഷയത്തിലായിരുന്നു ഡോക്ടറൽ പഠനം. തിരുവല്ല ഐപിസി പ്രയർ സെന്റർ സഭാ ശുശ്രൂഷകൻ പാസ്റ്റർ രാജു പൂവക്കാലയുടെയും ബീന രാജുവിന്റെയും മകനും അനുഗ്രഹീത യുവ പ്രഭാഷകനുമാണ് പാസ്റ്റർ ജിബിൻ. ഭാര്യ: സ്നേഹ ജിബിൻ, മകൻ: ജയ്ഡൻ.

പുതിയ ആകാശവും പുതിയ ഭൂമിയും യിസ്രായേലിന്റെ വാഗ്ദത്ത ഭൂമി

(3-ാം പേജ് തുടർച്ച)

ശൂന്യവുമായി ആഴത്തിൽ ആണ്ടുകിടക്കുകയും സാത്താൻ സ്വതന്ത്രനായി ആകാശത്തിൽ വിഹരിക്കുകയും ചെയ്താൽ ദൈവം തോറ്റതായും സാത്താൻ വിജയിച്ചതായും വരും. അതാണ് ദൈവം ഭൂമിയെ ഉദ്ധരിച്ച് പുതു സൃഷ്ടി നടത്തുവാൻ കാരണം. ദൈവം മനുഷ്യനെ കൂട്ടിക്കൊണ്ടുപോയി ഏദെൻ തോട്ടത്തിൽ വേല ചെയ്യുവാനും അതിനെ കാക്കുവാനും അവിടെ ആക്കി (ഉൽപ. 2:15). ദുഷ്ട മനുഷ്യരോ ദുഷ്ട ജന്തുക്കളോ ഇല്ലാതിരുന്ന അക്കാലത്ത് ആരിൽ നിന്നാണ് തോട്ടം കാക്കേണ്ടിയിരുന്നത്? സാത്താനിൽ നിന്നു തന്നെ. സാത്താനേക്കാൾ ശക്തനായിട്ടാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചതെന്ന് അതിനാൽ തെളിയുന്നു. ആദിമ ഭൂമിയുടെ അവസ്ഥയിൽ തന്നെയാണ് ദൈവം ഭൂമിയിൽ പുന:സൃഷ്ടി നടത്തിയത്. ദൈവത്തിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലുമാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത് (ഉൽപ. 1:27). ബാഹ്യസ്വരൂപവും സാദൃശ്യവുമല്ല, ആന്തരീക അഥവാ ആത്മീക സ്വരൂപവും സാദൃശ്യവുമാണ് അവിടുത്തെ വിവക്ഷ. ദൈവം മനുഷ്യന്റെ ശിൽപ വിദ്യയും സങ്കൽപവും കൊണ്ട് കൊത്തിയുണ്ടാക്കുന്ന പൊന്ന്, വെള്ളി, കല്ല് മുതലായവയുടെ സാദൃശ്യം എന്ന് നിരൂപിക്കേണ്ടതല്ല (അപ്പോ. 17:29). മനുഷ്യന്റെ ഭാവനയും ശിൽപ വിദ്യയും ചേർത്ത് സ്വർണത്തിലും വെള്ളിയിലും കല്ലിലും കൊത്തിയെടുക്കുന്ന പ്രതിമ പോലെയാണ് ദൈവമെന്ന് വിചാരിക്കരുത്. യഹോവയ്ക്ക് സദൃശ്യന്മാരില്ല. നോക്കുക സങ്കീ. 40:5; 89:5; യെശ. 40:18-25; 46:5. വേദപുസ്തകത്തിലെ ഏത് വാക്യവും ഒറ്റയായി എടുത്താൽ ചിന്താക്കുഴപ്പമുണ്ടായേക്കാം. ദൈവത്തേക്കാൾ അൽപം മാത്രം താഴ്ചയുള്ളവനായിട്ടാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത് (സങ്കീ. 8:5). എങ്കിലും തേജസും ബഹുമാനവും അവനെ അണിയിച്ചിരുന്നു. മനുഷ്യൻ പാപം ചെയ്തപ്പോൾ ആ തേജസ് നഷ്ടമായി. എന്നാൽ പുതിയ ഭൂമിയിലെ മനുഷ്യൻ ആദാം പാപം ചെയ്യുന്നതിനു മുമ്പുണ്ടായിരുന്ന ശരീര പ്രകൃതിയിലുള്ളവരായിരിക്കും.

പുതിയ ഭൂമി ഏദെൻ തോട്ടം പോലെയുള്ളതായിരിക്കും (യെശ. 51:3). "യഹോവ സിയോനെ ആശ്വസിപ്പിക്കുന്നു; അവൻ അതിന്റെ സകല ശൂന്യസ്ഥലങ്ങളെയും ആശ്വസിപ്പിച്ച് അതിന്റെ മരുഭൂമിയെ ഏദെനെപ്പോലെയും അതിന്റെ വിജന പ്രദേശത്തെ യഹോവയുടെ തോട്ടത്തെപ്പോലെയും ആക്കുന്നു". ആദി പിതാവ് പാപം ചെയ്യുന്നതിന് മുമ്പുണ്ടായിരുന്ന ശരീര പ്രകൃതിയുള്ളവരായിരിക്കും അതിലെ നിവാസികൾ. അതേ അവസ്ഥയിലുള്ളതായിരുന്നു യേശുക്രിസ്തുവിന്റെ ശരീരം. ആദാമിനെ ഒന്നാം മനുഷ്യനെന്നും ക്രിസ്തുവിനെ രണ്ടാം മനുഷ്യനെന്നും പറയാൻ കാരണം അതാണ് (1കൊരി. 15:45-47). ആദാം ആ അവസ്ഥയിലല്ല ജീവിതം അവസാനിപ്പിച്ചത്. ആ അവസ്ഥയിൽ ഭൗതിക ജീവിതം അവസാനിപ്പിച്ച യേശുക്രിസ്തു മാത്രമാകയാലാണ് ക്രിസ്തുവിനെ ഏക മനുഷ്യൻ എന്ന് വിളിക്കാൻ കാരണം (റോമ. 5:15).

ഏദെൻ തോട്ടത്തിലുണ്ടായിരുന്ന ജീവവൃക്ഷ ഫലം മനുഷ്യന് വിലക്കിയിരുന്നില്ല. മനുഷ്യൻ പാപം ചെയ്തശേഷം അത് പറിച്ചു തിന്ന് എന്നേക്കും ജീവിക്കാതിരിക്കാനാണ് ദൈവം മനുഷ്യനെ തോട്ടത്തിൽ നിന്ന് ഇറക്കിയത് (ഉൽപ. 3:22-23). പുതിയ ഭൂമിയിൽ ജീവജല നദിയുടെ ഇരു കരകളിലും ജീവവൃക്ഷങ്ങളുണ്ട്. അത് തിന്നുന്നവർ മരിക്കയില്ല. അതിന്റെ ഇലകൾ ജാതികളുടെ രോഗശാന്തിക്ക് ഉതകും (വെളി. 22:2). രോഗം പാപത്തിന്റെ ഫലമാണ്. യിസ്രായേൽ വാസ്തവനായി യഹോവയെ സേവിച്ചാൽ രോഗങ്ങളെ അവരുടെ നടുവിൽ നിന്ന് മാറ്റിക്കളയുമെന്ന് ന്യായപ്രമാണത്തിൽ വാഗ്ദാനം ഉണ്ട് (പുറ. 23:25; ആവ. 7:15). യഹോവ അവരുടെ ദേശത്തിലും ജനത്തിനും പാപപരിഹാരം വരുത്തും (ആവ. 32:43). യിസ്രായേൽ ജനമെല്ലാം നീതിമാന്മാരാകും (യെശ. 60:21). അക്കാലത്ത് യിസ്രായേലിന്റെ അകൃത്യം അന്വേഷിച്ചാൽ അത് ഇല്ലാതെ ഇരിക്കും; യെഹൂദയുടെ പാപങ്ങൾ അന്വേഷിച്ചാൽ കാണുകയില്ല. എന്ന് യഹോവയുടെ അരുളപ്പാട് (യിരെ. 50:20). എനിക്ക് രോഗം എന്ന് യാതൊരു നിവാസിയും പറയുകയില്ല. അതിൽ പാർക്കുന്ന ജനത്തിന്റെ അകൃത്യം മോചിക്കപ്പെട്ടിരിക്കും (യെശ. 33:24). പുതിയ ഭൂമിയിൽ രോഗം ഉണ്ടായിരിക്കുകയില്ല എന്നതിന് ഇതിൽ അധികം തെളിവുകൾ ആവശ്യമില്ലല്ലോ. അത് ശരിയെങ്കിൽ വെളി. 22:2 ൽ രോഗശാന്തി എന്ന് പറയുന്നത് ആരോഗ്യം എന്ന വിവക്ഷയിലാണ് എന്ന് ഗ്രഹിക്കാം.

(തുടരും)

ഐ.പി.സി കുടുംബ സംഗമം: പ്രമുഖ വർഷിപ്പ് ടീമുകൾ എത്തിച്ചേരും

ന്യൂയോർക്ക്: കാനഡയിലെ എഡ്മന്റൺ റിവർ ക്രീ റിസോർട്ടിൽ ജൂലൈ 17-20 വരെ നടക്കുന്ന ഇരുപതാമത് ഐ.പി.സി ഫാമിലി കോൺഫ്രൻസിൽ, നോർത്ത് അമേരിക്കയിലെ വിവിധ സഭകളിൽ നിന്നും റീജിയനുകളിൽ നിന്നുമുള്ള വർഷിപ്പ് ക്വയറുകൾ ആത്മീയ സംഗീത ശുശ്രൂഷ നിർവ്വഹിക്കുവാൻ എത്തിച്ചേരും.

ആയിരക്കണക്കിന് യുവജനങ്ങളെ സംഗീതത്തിലൂടെ ക്രിസ്തുവിങ്കലേക്ക് ആകർഷിച്ചുകൊണ്ടിരിക്കുന്ന പ്രശസ്ത സംഗീതജ്ഞനും പ്രമുഖ ഗായകനുമായ ഷെൽഡൻ ബങ്കാരയും ഇംഗ്ലീഷ്, ഹിന്ദി സെഷനുകളിൽ ഗാനങ്ങൾ ആലപിക്കും. അനുഗ്രഹീത ഗായകർ കോൺഫ്രൻസിന്റെ വിവിധ സെക്ഷനുകളിൽ ആരാധനക്ക് നേതൃത്വം നൽകും. ഗാന ശുശ്രൂഷകളിൽ പങ്കാളികളാകുവാൻ താല്പര്യപ്പെടുന്നവർ എത്രയും വേഗത്തിൽ മ്യൂസിക് കോർഡിനേറ്റർമാരുമായി ബന്ധപ്പെടണമെന്ന് ഭാരവാഹികൾ അറിയിച്ചു.

നാഷണൽ മ്യൂസിക് കോർഡിനേറ്റർമാരായ വർഗീസ് പി. മാത്യുവിന്റെയും, ജോൺസ് ഉമ്മന്റെയും നേതൃത്വത്തിൽ വിവിധ സംസ്ഥാനങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന നാഷണൽ ക്വയർ ടീമിന് പരിശീലനം നൽകുന്നതായിരിക്കും.

വാർഷീക കൺവൻഷനും പുതിയ ആരാധനാലയത്തിന്റെ സമർപ്പണവും

ജോയി തുമ്പമൺ

ഫിലാഡൽഫീയ : 1990ൽ ഇന്ത്യാക്കാർ തിങ്ങിപ്പാർക്കുന്ന ഫിലഡൽഫിയാ പട്ടണത്തിൽ ആരംഭിച്ച ഐ.പി.സി. ചർച്ച് ഓഫ് ഗോഡ് ഒരു ചെറിയ ആരംഭമായിരുന്നു എങ്കിലും ദൈവം വിശാലത വരുത്തി. ഇതിന്റെ സ്ഥാപകൻ പാസ്റ്റർ വെസ്‌ലി ഡാനിയേൽ ആണ്. സഭ പുതിയതായി വാങ്ങിയ ആരാധനാലയത്തിന്റെ ഉത്ഘാടനം മെയ് 24നു രാവിലെ 10 മണിയ്ക്കു പാസ്റ്റർ ജോസഫ് വില്യം നിർവഹിക്കും.

വാർഷീക കൺവൻഷൻ മെയ് 23, 24, 25 തീയതികളിൽ നടക്കും. മുഖ്യ പ്രഭാഷകനായി റവ.ജഫീ(ലണ്ടൻ), പ്രസിദ്ധ വർഷിപ്പ് ലീഡറായ പെർസീസ് ജോൺ(ഇന്ത്യാ), സാജൻ ചാക്കോ(യു.കെ.) എന്നിവരും എത്തിച്ചേരും. സഭാ ശുശ്രൂഷകൻ വെസ്ലി ഡാനിയേൽ മണക്കാല ഫെയ്ത്ത് തിയോളജിക്കൽ സെമിനാരിയിൽ നിന്നും ബിരുദങ്ങൾ നേടിയിട്ടുണ്ട്. ഐ.പി.സി. ഈസ്റ്റേൺ റീജിയനിലെ പ്രമുഖ സഭകളിൽ ഒന്നാണ് ഐ.പി.സി. ഫിലദൽഫിയ. കൂടുതൽ വിവരങ്ങൾക്ക്, ബന്ധപ്പെടുക-215 964 1452

ചാപ്പലിന്റെ സമർപ്പണ ശുശ്രൂഷ നടത്തി

പുനലൂർ: ബഥേൽ ബൈബിൾ കോളേജിൽ പുതുതായി പണികഴിപ്പിച്ച ചാപ്പലിന്റെ സമർപ്പണ ശുശ്രൂഷ അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് കൗൺസിൽ സൂപ്രണ്ട് റവ. റ്റി. ജെ. സാമുവൽ നിർവഹിച്ചു. ബഥേൽ ബൈബിൾ കോളേജ് പ്രസിഡന്റ് റവ.ഡോ. ഐസക്ക് വി. ചെറിയാൻ ഓപ്പണിങ് സെറിമണി നടത്തി. പ്രിൻസിപ്പൽ റവ.ഡോ. ജെയിംസ് ജോർജ്ജ് അധ്യക്ഷത വഹിച്ചു. ചാപ്പൽ സ്പോൺസർ ചെയ്ത റവ.ഡോ.ഐസക്ക് വി. ചെറിയാനെയും അദ്ദേഹത്തിന്റെ സഹധർമ്മിണി പ്രൊഫ.ഡോ.സൂസൻ ചെറിയാനെയും പ്രത്യേകം ആദരിച്ചു. അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് അസിസ്റ്റന്റ് സൂപ്രണ്ട് റവ. ഡോ. ഐസക് വി. മാത്യു, സെക്രട്ടറി റവ. തോമസ് ഫിലിപ്പ്, ട്രഷറാർ റവ. പി. കെ. ജോസ്, കോളേജിന്റെ പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രസിഡന്റ് റവ. റ്റി. വി. തങ്കച്ചൻ, മധ്യമേഖല ഡയറക്ടർ റവ. ജെ.സജി, വൈസ് പ്രിൻസിപ്പൽ റവ.ഡി.മാത്യൂസ്, ഞങ്ങള പ്രസിഡന്റ് മിസസ്സ് മറിയാമ്മ സാമുവേൽ, പ്രൊഫ.ഡോ.സൂസൻ ചെറിയാൻ, മിസസ്സ് ലീലാമ്മ ഫിലിപ്പ്, വിനു വർഗീസ് തുടങ്ങിയവർ ആശംസകൾ അറിയിച്ചു.

ഇന്ത്യയിലെ ആദ്യത്തെ പെന്തെക്കോസ്തു വേദപാഠശാലയായ ബഥേൽ ബൈബിൾ കോളേജ് 99-മത് വർഷത്തിലേക്ക് പ്രവേശിക്കുകയാണ്. അടുത്ത അധ്യയന വർഷം ജൂൺ 24ന് ആരംഭിക്കും.

പാസ്റ്റർ രാജൻ ജോർജ് ഒ.പി.എ ശുശ്രൂഷകനായി ചുമതലയേറ്റു

മസ്ക്കറ്റ് : പാസ്റ്റർ രാജൻ ജോർജ് ഒമാൻ പെന്തെക്കോസ്ത് അസംബ്ലിയുടെ (OPA) സഭാ ശുശ്രൂഷകനായി നിയമിതനായി. ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ ശുശ്രൂഷകനാണ് കൊട്ടാരക്കര സ്വദേശിയായ പാസ്റ്റർ രാജൻ ജോർജ്. ദൈവശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദവും നേടിയിട്ടുണ്ട്. ഭാര്യ: റേച്ചൽ രാജൻ. മക്കൾ: ജോയൽ ജി. രാജൻ, നോയൽ ജി. രാജൻ.

ലിതാ തോമസിന് ഡോക്ടറേറ്റ്

ബംഗളൂരു: കൃപാനിധി കോളേജ് ഓഫ് ഫാർമസിയിൽ അസോസിയേറ്റ് പ്രൊഫസറും ബഥേൽ എ. ജി. പത്തനംതിട്ട ടൗൺ സഭാംഗവുമായ ലിതാ തോമസ് രാജീവ് ഗാന്ധി യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസിൽ (ബംഗളൂരു) നിന്നും പി.എച്ച് ഡി. കരസ്ഥമാക്കി. Development and Optimization of Dental Formulation of Aspirin to Stimulate Restoration of Dentin എന്ന വിഷയത്തിലാണ് പഠനം നടത്തിയത്. പത്തനംതിട്ട എ.ജി. സഭാ ശുശ്രൂഷകൻ പാസ്റ്റർ പി.വി. ഫിലിപ്പിന്റെയും അന്നമ്മ ഫിലിപ്പിന്റെയും മകൻ വെസ്ലി ഫിലിപ്പിന്റെ ഭാര്യയാണ് ലിത. മക്കൾ അന്ന, നേഥൻ.

റേയ്ച്ചൽ ബ്ലെസ്സി ഈപ്പന് ഡോക്ടറേറ്റ്

ഹൊസൂർ: അമേരിക്കയിലെ പ്രശസ്ത സെമിനാരികളിൽ ഒന്നായ അസ്ബെറി തിയോളജിക്കൽ സെമിനാരിയിൽ നിന്നും ഡോക്ടർ ഓഫ് മിനിസ്ട്രിയിൽ ഡോക്ടറേറ്റ് കരസ്ഥമാക്കി സിസ്റ്റർ റെയ്ച്ചൽ ബ്ലെസ്സി ഈപ്പൻ. പാസ്റ്റർമാരുടെ വിധവകളും അവർക്കുള്ള സഭാ പിന്തുണയും എന്നത് ആയിരുന്നു പഠന വിഷയം. ഹൊസൂർ ഏജി ചർച്ച് പാസ്റ്റർ ബിജു തോമസിന്റെ ഭാര്യയും കോട്ടയം പുവൻതുരുത്ത് സ്വദേശി ഐപിസി യിലെ സീനിയർ പാസ്റ്റർ ആയിരുന്ന പരേതനായ പി.ജി ഈപ്പച്ചന്റെയും, സൂസമ്മയുടെയും മകളുമാണ്.

വേർപാടുകൾ

പാസ്റ്റർ ടി.ഐ. വർഗീസ്

പത്തനംതിട്ട: കിടങ്ങന്നൂർ തെക്കേതിൽ വലിയ വീട്ടിൽ പാസ്റ്റർ ടി.ഐ. വർഗീസ് (ജോയി- 87) നിര്യാതനായി. സംസ്ക്കാര ശുശ്രൂഷ 27 ന് ചൊവ്വാഴ്ച കലൂർ എം.ഡി.എസ് ഫെലോഷിപ്പ് സഭയുടെ ചുമതലയിൽ സ്വവസതിയിൽ രാവിലെ 9 ന് ആരംഭിക്കുകയും തുടർന്ന് ഇടക്കൊച്ചി മക്പേല സെമിത്തേരിയിൽ സംസ്ക്കാരം നടക്കും. ഭാര്യ: ഏലീയാമ്മ വർഗീസ് ചീക്കനാൽ താഴത്തിൽ കുടുംബാഗമാണ്. മക്കൾ: സൂസൻ മാത്യു, മേഴ്സി തോമസ്. മരുക്കൾ: പാസ്റ്റർ റോബി മാത്യു (പി.സി.എൻ.എ.കെ മുൻ നാഷണൽ കൺവീനർ-യുഎസ്എ), തോമസ് ജോർജ് (കൊച്ചി). കൊച്ചുമക്കൾ: ജെറമിയ കെ.മാത്യു, ഹന്ന മേരി മാത്യു, പെട്ര സൂസൻ തോമസ്, തിമോത്തി തോമസ്.

ഹാരിസ് ദാനം



തിരുവനന്തപുരം: സത്യവേദ സെമിനാരി ഡയറക്ടർ റവ. ജ്ഞാന ദാസ് ദാനത്തിന്റെ പിതാവ് വിളപ്പിൽശാല ആലുംപുറം ഷാലോമിൽ ഹാരിസ് ദാനം (82) നിര്യാതനായി. എ.ജി. മലപ്പനംകോട് സഭാംഗമാണ്. സംസ്കാര ശുശ്രൂഷകൾ മെയ് 5 രാവിലെ 9 ന് സത്യവേദ സെമിനാരി ക്യാമ്പസിൽ ആരംഭിച്ച് ചെറുകോടുള്ള കുടുംബശ്മശാനത്തിൽ സംസ്കരിച്ചു. ഭാര്യ: ത്രേസ്യാമ്മ. മക്കൾ: സത്യദാസ്, റവ. ജ്ഞാനദാസ് ദാനം (സത്യവേദ സെമിനാരി), സുധ. മരുമക്കൾ: അനിത, സോഫിയ, പാസ്റ്റർ വിക്ടർ സാം (എ.ജി. മൂങ്ങോട്)

ഡോ. വി.വി. തോമസ്

നിലമ്പൂർ: നിലമ്പൂർ ഫോക്കസ് ഇന്ത്യ തിയോളജിക്കൽ കോളേജ് ഡയറക്ടർ വെളുത്തമോടിയിൽ പാസ്റ്റർ ഡോ. വി.വി.തോമസിന്റെ (61) സംസ്കാര ശുശ്രൂഷ മെയ് 15 ന് രാവിലെ 9 ന് നിലമ്പൂർ വീട്ടിക്കുത്ത് ഫോക്കസ് ഇന്ത്യ കോളേജിൽ നടന്നു. ബെംഗളൂരു യുണൈറ്റഡ് തിയോളജിക്കൽ കോളേജ് അധ്യാപകൻ, പൂനെ യൂണിയൻ ബിബ്ലിക്കൽ കോളേജ് അധ്യാപകൻ, അസംബ്ലീസ് ഓഫ് ഗോഡ് ശുശ്രൂഷകൻ എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്നു.
ഭാര്യ. തിരുവല്ല അരയാലുംമൂട്ടിൽ കുടുംബാംഗം മിനി തോമസ്. മക്കൾ. ജസ്റ്റിൻ വി തോമസ് (സൗത്ത് ഏഷ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് ക്രിസ്ത്യൻ സ്റ്റഡീസ്, ബെംഗളൂരു), ജൂലിയറ്റ് വി.തോമസ് (ചിക്കാഗോ).

പാസ്റ്റർ ജോൺ വിക്ടർ

കൊട്ടാരക്കര: ദി പെന്തെക്കൊസ്ത് മിഷൻ കൊട്ടാരക്കര സെന്റർ ചാത്തന്നൂർ സഭാശുശ്രൂഷകൻ പാസ്റ്റർ ജോൺ വിക്ടർ (54) കർതൃസന്നിധിയിൽ. സംസ്കാരം മെയ് 15 വ്യാഴം രാവിലെ 9.30 ന് കൊട്ടാരക്കര സെന്റർ ഫെയ്ത്ത് ഹോമിലെ ശുശ്രൂഷകൾക്ക് ശേഷം സഭാ സെമിത്തെരിയിൽ നടത്തി. മൂന്ന് പതിറ്റാണ്ടിലധികം തിരുവനന്തപുരം, കൊട്ടാരക്കര സെന്ററുകളിൽ സഭയുടെ സുവിശേഷപ്രവർത്തകനായിരുന്നു. കന്യാകുമാരി ജില്ലയിൽ തക്കല സ്വദേശിയാണ്.

എസ്തേർ ജോമോൻ

ആലപ്പുഴ : ന്യൂ ഇന്ത്യ ചർച്ച് ഓഫ് ഗോഡ് ആലപ്പുഴ ചന്തിരൂർ സഭാംഗം അരൂർ തച്ചാറ വീട്ടിൽ ജോമോന്റെ ഭാര്യ എസ്തർ ജോമോൻ (27) വാഹനാപകടത്തിൽ മരണമടഞ്ഞു. മെയ് 18 ഞാറാഴ്ച രാവിലെ ആരാധനയിൽ സംബന്ധിക്കുവാനായി ബൈക്കിൽ സഞ്ചരിക്കുന്നതിനിടെ റ്റോറസ് ലോറിക്കടിയിൽപ്പെട്ടാണ് അപകടം ഉണ്ടായത്.

സംസ്കാരം മെയ് 20ന് ന്യൂ ഇന്ത്യ ചർച്ച് ഓഫ് ഗോഡ് അരൂർ സഭാ സെമിത്തെരിയിൽ നടക്കും.

നോർത്ത് അമേരിക്കൻ ചർച്ച് ഓഫ് ഗോഡ് നാഷണൽ കോൺഫറൻസ്

ഹിൽട്ടൻ ലോങ്ങ് ഐലൻ്റ്: നോർത്ത് അമേരിക്കൻ ചർച്ച് ഓഫ് ഗോഡിന്റെ ഇരുപത്തിയെട്ടാമത് നാഷണൽ കോൺഫ്രൻസ് ജൂലൈ 10 മുതൽ 13 വരെ ഹിൽട്ടൻ ലോങ്ങ് ഐലൻ്റിൽ നടക്കും. സ്ട്രോംഗർ ടുഗതർ (സങ്കി. 78: 4) എന്നതാണ് ചിന്താ വിഷയം. പ്രസിഡണ്ട് പാസ്റ്റർ സിസിൽ മാത്യു, വൈസ് പ്രസിഡണ്ട് പാസ്റ്റർ രഞ്ചൻ ചെറിയാൻ, സെക്രട്ടറി പാസ്റ്റർ ഡേവിസ് എബ്രഹാം, ട്രഷറർ തോമസ് ജോർജ്, ഇംഗ്ലീഷ് കോർഡിനേറ്റർ ജെമി സൈമൺ, ലേഡീസ് പ്രസിഡണ്ട് ഫേബ ജോയ് എന്നിവർ നേതൃത്വം നൽകും.

SWARGEEYADWANI
CHRISTEEYA PATHRAM

REGISTERED NEWSPAPER
PUBLISHED ON 20.05.2025

SWARGEEYADWANI
Post Box # 35. K.S.R.T.C. Jn.,
Adoor 691 523, Kerala
Tel:04734 290686, Mob.9447593865

Vol. 26 Issue. 10 RNI. No. KERMAL/2002/09730 Annual Subscription 200 Pages 8

അകപ്പുറം

ഷാജൻ ജോൺ
ഇടയ്ക്കാട്
9946206781

കരയേണ്ട

മനോഹരമാണ് നയിൻ. പ്രശാന്തമായ നഗരം. പച്ച വിരിച്ച കൃഷിയിടങ്ങൾ കൊണ്ടു സമ്പന്നം. മനോഹരമായ കൃഷിഭൂമികയിൽ വിളയുന്ന ഫലവർഗങ്ങൾ കൊണ്ടു ആശ്വാസം പ്രാപിച്ചവർ അവിടെ ഏറെയുണ്ടാകും. അല്ലലുകളും ആവലാതികളുമില്ലാത്ത ജീവിതം ആരാണ് കൊതിച്ചു പോകാത്തത്. അതിനു പറ്റിയൊരു ശുദ്ധമായ നാടായിരുന്നിരിക്കണം നയിൻ.

അവിടുത്തെ ഒരു ചെറു കുടുംബം. ഒരു സഹോദരിയും മകനുമാണ് കുടുംബത്തിൽ അവശേഷിച്ചിരുന്നത്. മറ്റംഗങ്ങൾക്കെന്തു പറ്റി എന്നൊന്നുമറിയില്ല. ഇപ്പോൾ അവർ രണ്ടു പേർ മാത്രം. ഭർത്താവ് നഷ്ടപ്പെട്ട ആ സഹോദരിയുടെ കുടുംബത്തിൽ മറ്റാരൊക്കെ ഉണ്ടായിരുന്നു എന്നൊന്നും വ്യക്തമല്ല.

വേദനകൾ ഒരുപാട് അവർ അനുഭവിച്ചിട്ടുണ്ടാവണം. ഇരുൾ നിറഞ്ഞ ജീവിത വഴികളിലൂടെ എത്രയോ യാത്രകൾ. നഷ്ടങ്ങളുമായി പൊരുത്തപ്പെടുവാൻ കാലങ്ങളുമെടുത്തിട്ടുണ്ടാവും. ഒടുവിൽ രണ്ടേരണ്ടു പേർ. അങ്ങനെയൊരു ജീവിതം ഭയാനകമാണ്. അതും ദുരന്തങ്ങളിലൂടെ കടന്നു പോയ കുടുംബമാണെങ്കിൽ. നയിൻ പട്ടണത്തിലെ വിധവയുടെ വീട്ടിൽ അവരും ഒരു മകനും മാത്രമേ ഉണ്ടായിരുന്നുള്ളൂവെന്നു ചരിത്രം പറയുന്നു. അമ്മയ്ക്കു മകനും മകനു അമ്മയും. അനുനിമിഷം അവർ പിരിയാതെ ജീവിച്ചവരാകും.

കണ്ണിലെണ്ണ ഒഴിച്ചുള്ള കാത്തിരിപ്പിന്റെ എത്രയോ കാലങ്ങളിൽ കൂടി അവർ കടന്നു പോയിട്ടുണ്ടാവും. എവിടേക്കെങ്കിലുമൊന്നു പോയാൽ തിരിച്ചെത്തുന്നവരെയുള്ള കാത്തിരിപ്പിന്റെ സമയത്തിനു എത്രയോ നീളം ആയിരുന്നു കാണും. സമയം ഒന്നു തെറ്റിയാൽ നെഞ്ചിടിപ്പിന്റെ കാര്യം പറയുകയും വേണ്ട.

അമ്മയും മകനും എങ്ങനെ ആ നാട്ടിൽ ജീവിച്ചിരുന്നു എന്നൊന്നുമറിയില്ല. വേദനയുടെ നീർച്ചുഴിയിൽ മുങ്ങിത്താഴാതെ കരം പിടിച്ചു കയറ്റിയവർ ഉണ്ടായിരുന്നു കാണും. അപ്പോൾ തന്നെ നൊമ്പരങ്ങൾക്കു നീറ്റൽ കൂട്ടി ഒറ്റപ്പെടുത്തിയവരും കുറവായിരുന്നു കാണില്ല. വാലും തലയും കാട്ടി നിന്നവരായിരിക്കും എണ്ണത്തിൽ കൂടുതൽ. അതിന്നും അങ്ങനാണല്ലോ. നിലപാടുകളെ കുഴിച്ചുമൂടി തന്ത്രപരമായി നില്ക്കുന്ന അതിവിശുദ്ധർ അനവരതം. അകത്തെ ഇരുട്ടിൽ കൊന്നു തള്ളിയിട്ടു പുറത്തെ ചിരിയിൽ ജീവൻ പകരാൻ നടത്തുന്ന ശ്രമങ്ങൾക്കു നമ്മൾ വിശുദ്ധിയുടെ അലങ്കാരവും ചാർത്തി നല്കും. ഇന്നത്തെ ആത്മീക തന്ത്രജ്ഞർ.

പാവം ആ അമ്മയും മകനും എന്തൊക്കെ അനുഭവിച്ചോ ആവോ? കുടുംബത്തിൽ വന്നു ഭവിച്ച കെടുതികൾ അവരിൽ ആരുടെ തലയിൽ സമൂഹം കെട്ടി വച്ചു കാണും?. എന്തായാലും നീറിപുകഞ്ഞൊരു ജീവിതമായിരുന്നു കാണും അവർ നടന്നു തീർത്തത്.

അവിശ്വസനീയമായി ചുറ്റുപാടുകൾ മാറുമ്പോൾ അവർ ഇരുവരും ഒട്ടിച്ചേർന്നിരുന്നിട്ടുണ്ടാവണം. സമൂഹം നല്കുന്ന വേദനയുടെ ആഴം ആ ഒട്ടിച്ചേരലിൽ അലിഞ്ഞില്ലാതായിട്ടുമുണ്ടാകും. ആരുമെനിക്കില്ലെന്ന തോന്നലുകൾ ഉള്ളത്തെ വേട്ടയാടുമ്പോൾ സമാശ്വാസമാകുമായിരുന്നത് മുന്നിൽ വെളിച്ചമായി വിരിയുന്ന രണ്ടു കണ്ണുകളായിരുന്നു. അതു നല്കുന്ന പ്രതീക്ഷ ജീവിതത്തെ ദീപ്തമാക്കിക്കൊണ്ടേയിരുന്നു.

എന്നാൽ ആ പ്രതീക്ഷകളും അസ്തമിച്ചു. ദുരിതങ്ങൾക്കു മേൽ ദുരിതം ആ കുടുംബത്തിൽ പെയ്തിറങ്ങി. അമ്മയ്ക്കു കണ്ണും കാതുമായിരുന്ന മകനും നഷ്ടപ്പെട്ടു. ഒരാളുടെ ജീവിതത്തിലെ ഏറ്റവും ഇരുട്ടു നിറഞ്ഞ അവസ്ഥ. അവർക്കു കരയുവാനെങ്കിലും ഉള്ള കരുത്തിപ്പോൾ ഉണ്ടാകുമോ ആവോ? അതിനും കഴിയണമെന്നില്ല.

എത്ര ഭയാനകമാണ് ആ സഹോദരിയുടെ അവസ്ഥ. എത്രയോ വേദനാജനകം. നാടു മുഴുവൻ ഇപ്പോൾ ആ ഭവനത്തിലുണ്ട്. പള്ളിയും പാതിരിയും എല്ലാവരും ഒപ്പം കാണും. സങ്കടവും വേദനയും ഒക്കെ അവർ പങ്കു വച്ചിട്ടുണ്ടാവും. കരയേണ്ടാ എന്നു പറഞ്ഞവരും കൂട്ടത്തിൽ കാണും. അതൊന്നും ആ സഹോദരിക്കാശ്വാസമായില്ല. അവരുടെ വേദന വർദ്ധിച്ചു കൊണ്ടേയിരുന്നു. മനസിൽ നിറഞ്ഞ ഇരുട്ടു ചുറ്റുപാടുകളെപ്പോലും അന്ധകാരമയമാക്കി.

മനോഹരമായ നഗരം അവർക്കിപ്പോൾ ഏറ്റവും വൃത്തികെട്ടതായി മാറി. കുടുംബത്തെ അപ്പാടെ തകർത്തു കളഞ്ഞിരിക്കുന്നു പ്രശാന്തതയുടെ പട്ടണം. സുന്ദരവും സുരക്ഷിതവും ആയിരുന്നിടം വീണ്ടും അപകടകരമായിരിക്കുന്നു. ഒരിടവും വിശ്വസിക്കാൻ കൊള്ളില്ല, അല്ലേ? എല്ലാവരും പോയി മകനെങ്കിലും കൂടെ കാണും എന്നു കരുതിയ നഗരത്തിന്റെ പ്രസന്നതയ്ക്കിടയിൽ കൂരിരുട്ടു മൂടിയിരിക്കുന്നു.

സന്തോഷത്തിന്റെ നഗര വാതിൽ പിന്നിടുകയാണ്. പ്രതീക്ഷകൾ പൂർണമായും അസ്തമിച്ചിരിക്കുന്നു. വേദനകളുടെ ചരിത്രത്തോടൊപ്പം ഒരു ഇതൾ കൂടി ചേർത്തു വയ്ക്കുകയാണ്. അങ്ങനെ ഏറെ നൊമ്പരത്തോടെ അവർ മകന്റെ മഞ്ചത്തോടൊപ്പം ചേർന്നു നടന്നു.

നഗരവാതില്ക്കൽ അവർക്കെതിരിട്ടു വരുന്ന തമ്പുരാന്റെ ശ്രദ്ധയിൽ ഈ വിലാപയാത്ര എത്തുന്നു. വിധവയായ സഹോദരിയുടെ കരച്ചിൽ കണ്ടിട്ട് കർത്താവിനു മനസ്സലിഞ്ഞു. പിന്നെ സംഭവിച്ചതു ചരിത്രം. യേശു നാഥൻ ആ മകനെ ഉയിർപ്പിച്ചു അമ്മയ്ക്കു തിരികെ നല്കി.

തമ്പുരാൻ അങ്ങനെയാണ്, വേദനയുടെ ചുറ്റുപാടുകളിൽ ഉള്ളം പിടയും ഒറ്റപ്പെടുമ്പോൾ, മുന്നേറാൻ കഴിയാതെ പതറിപ്പോകുമ്പോൾ, ചുറ്റുപാടുകൾ നമ്മെ രണ്ടാമനാക്കുമ്പോൾ തമ്പുരാൻ ഓടിയെത്തും. അവിടുന്നു കൂടിരിക്കും. നമ്മുടെ പ്രതീക്ഷ വയ്ക്കേണ്ടതു ചുറ്റുപാടുകളിലല്ല. അവിടെ നിന്നും ഒന്നും വരികയില്ല. മനസ്സലിയാത്തിടത്തു നിന്നും നീണ്ടു വരുന്ന കരങ്ങൾക്കു ഒരത്ഭുതവും ചെയ്യുവാൻ കഴിയുകയില്ല. കൂടെ കരയാൻ കഴിയാത്തവരെ ഒട്ടും വിശ്വസിക്കുകയുമരുത്.

മരണവഴിയുടെ സങ്കടമോ ഒറ്റപ്പെടലിന്റെ വേദനയോ പക തീർക്കുന്നതിന്റെ ദുരിതമോ ഒക്കെ ചുറ്റും കുന്നു കൂടുന്നുണ്ടോ? സങ്കടപ്പെടേണ്ട, തമ്പുരാൻ വരും. മനോഹരമായ നഗരത്തിൽ നിന്നും വേദനയോടെ ശവക്കോട്ടയിലെ ദുരിതത്തിലേക്കാണു യാത്ര എന്നു തോന്നുന്നുണ്ടോ? ഓരാളും ചെറു കൈ സഹായം പോലും നല്കിയില്ലെന്ന പരിഭവമുണ്ടോ? വിഷമിക്കേണ്ട, എല്ലാം നന്മക്കായി എന്നു അറിഞ്ഞിരിക്കുക.

വേദനയുടെ വഴിയിലൂടെ നാം യാത്ര തുടങ്ങും മുമ്പേ തമ്പുരാൻ മറുവഴിയായി യാത്ര തുടങ്ങിയിട്ടുണ്ട്. അവിടുന്ന് അടുത്തെത്തും മനസ്സലിയും മരിച്ചതിനൊക്കെ പുതുജീവൻ നല്കുകയും ചെയ്യും. കഴിഞ്ഞു പോയ ദുരിതങ്ങളെയും സങ്കടങ്ങളെയും ഓർത്തു നാം കരഞ്ഞു കഴിയേണ്ടവരല്ല. അവിടുത്തെ കരം പിടിച്ച് ജയത്തിലേക്കു നടന്നു കയറേണ്ടവർ തന്നെ. പരാജയങ്ങളെയും ഒറ്റപ്പെടുത്തലുകളെയും മറക്കാം കരയേണ്ട എന്നു പറഞ്ഞ തമ്പുരാന്റെ വാക്കിൽ വിശ്വസിക്കാം. വിശ്വസിക്കാൻ അവിടുത്തെ വാക്കു മാത്രമേയുള്ളൂ എന്നും മറക്കാതിരിക്കാം. കരയേണ്ട.

സെന്റർ ശുശ്രൂഷകന്മാരുടെ സമ്മേളനം നടത്തി

മുളക്കുഴ: ചർച്ച് ഓഫ് ഗോഡ് സെന്റർ പാസ്റ്റർമ്മാരുടെയും സെന്റർ സെക്രട്ടറിമാരുടെയും സംയുക്ത കോൺഫറൻസ് മുളക്കുഴയിൽ നടന്നു. സ്റ്റേറ്റ് ഓവർസിയർ റവ. വൈ റെജി ഉൽഘാടനം നിർവ്വഹിച്ചു. സ്റ്റേറ്റ് കൗൺസിൽ സെക്രട്ടറി പാസ്റ്റർ സാംകുട്ടി മാത്യൂ അധ്യക്ഷത വഹിച്ചു.

സ്റ്റേറ്റ് ട്രഷറർ പാസ്റ്റർ ഷിജു മത്തായി സ്വാഗതം പറഞ്ഞു. പാസ്റ്റർ ടി എം മാമച്ചൻ സങ്കീർത്തനം വായന നടത്തി. ബ്രദർ സാം സ്കറിയ, സ്റ്റേറ്റ് ജോ. സെക്രട്ടറി പാസ്റ്റർ പി എ ജെറാൾഡ്, ഫീൽഡ് സെക്രട്ടറി പാസ്റ്റർ വൈ മോനി എന്നിവർ പ്രാർഥനയിൽ നയിച്ചു. ബിലിവേഴ്സ് ബോർഡ് സെക്രട്ടറി ബ്രദർ ജോസഫ് മറ്റത്തുകാല കൃതജ്ഞത അറിയിച്ചു. സഭാ പ്രവർത്തനങ്ങളുടെ പുരോഗതി യോഗം വിലയിരുത്തി. സെന്റർ ശുശ്രൂഷകരുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനുള്ള നിർദ്ദേശങ്ങൾ നൽകി. കൺവൻഷൻ സ്റ്റേഡിയത്തിന്റെ വിപുലമായ വികസനത്തിനും നിർമാണത്തിനും കമ്മിറ്റി രൂപീകരിക്കാനും പണികൾ ഉടൻ ആരംഭിക്കാനും തീരുമാനിച്ചു.

സെന്റർ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും ഭൂമിശാസ്ത്രപരമായി സെന്ററുകൾ പുനഃസംഘടിപ്പിക്കാനും സമ്മേളനം തീരുമാനിച്ചു. ജനറൽ കൺവൻഷന്റെ വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ചു. സെന്റർ പാസ്റ്റർമ്മാരും സെന്റർ സെക്രട്ടറിമാരും സജീവമായി ചർച്ചയിൽ പങ്കെടുത്തു.

അപ്കോൺ (APCCON) ജൂബിലി പ്രവർത്തനങ്ങൾക്ക് തുടക്കമായി

അബുദാബി: അബുദാബിയിലെ പെന്തക്കോസ്ത് സംഘടനകളുടെ സംയുക്ത കൂട്ടായ്മയായ അബുദാബി പെന്തക്കോസ്തൽ ചർച്ചസ് കോൺഗ്രിഗേഷൻ (APCCON) ജൂബിലി പ്രവർത്തനങ്ങൾക്ക് തുടക്കമായി. അപ്കോൺ സംയുക്ത ആരാധനയിൽ സിൽവർ ജൂബിലിയോട് അനുബന്ധിച്ച് പുറത്തിറക്കിയ സുവനീർ, അപ്കോൺ പ്രസിഡന്റ് പാസ്റ്റർ എബി എം വർഗീസ് നോർത്ത് കർണാടകയിലെ അപ്കോൺ മിഷൻ കോഡിനേറ്റർ പാസ്റ്റർ ഷിജു എസ് ജോർജിന് നൽകി പ്രകാശനം ചെയ്തു. ജൂബിലി വർഷത്തോടനുബന്ധിച്ച് 25 കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം നൽകി. അപ്കോൺ മുൻകാല ഭാരവാഹികളെയും നിലവിലെ ഭാരവാഹികളെയും അനുസ്മരിച്ച് പാസ്റ്റർ എം ജി മാത്യു പ്രാർത്ഥിച്ചു.

പാസ്റ്റർ റോബിൻ സി പൊന്നച്ചൻ അധ്യക്ഷനായുള്ള സംയുക്ത ആരാധനയിൽ പാസ്റ്റർ അലക്സ് ജോൺ പ്രസംഗിച്ചു. പാസ്റ്റർ ടി എം തോമസ് കർതൃമേശയ്ക്കു നേതൃത്വം നൽകി .അപ്കോൺ ഗായക സംഘം ഗാനശുശ്രൂഷ നിർവഹിച്ചു. അപ്കോൺ പ്രസിഡന്റ് പാസ്റ്റർ എബി എം വർഗീസ്, ഉപാധ്യക്ഷൻ പാസ്റ്റർ സജി വർഗീസ്, സെക്രട്ടറി ജോഷ്വാ ജോർജ് മാത്യു, ട്രഷറർ ജോജി വർഗീസ്, ജോയിൻറ് സെക്രട്ടറി എബ്രഹാം മാത്യു, ജോയിന്റ് ട്രഷറർ ജോബിൻ പോൾ എന്നിവർ നേതൃത്വം നൽകി.

Printed, Published, Owned and Edited by : Sheroy Joseph. Printed at Avanakulam Offset Press Karthigappally
Design & Typesetting Jyothis Graphics, Adoor. Managing Editor : Joy Thumpamon